I/130510/2023

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/9401/2023-FIG തീയതി 21.09.2023

## <u>സർക്കുലർ</u>

വിഷയം:- വാർഷിക പദ്ധതി 2023-24 - കൃഷിക്കൂട്ടാധിഷ്ഠിത ഫാം പ്ലാൻ വികസന സമീപനം- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1) 17.05.2023-ലെ സർക്കാർ ഉത്തരവ് നമ്പർ സ ഉ (സാധാ) നം. 463/2023

2) 20.05.2023-ലെ സർക്കാർ ഉത്തരവ് നമ്പർ സ ഉ (സാധാ) നം. 489/2023-കൃഷി

3) 20.05.2023-ലെ സർക്കാർ ഉത്തരവ് നമ്പർ സ ഉ (സാധാ) നം. 44/2023

4) 31.07.2023 -ലെ സർക്കാർ ഉത്തരവ് നമ്പർ സ ഉ (സാധാ) നം. 737/2023

5) 25.04.2023 - ലെ സർക്കാർ ഉത്തരവ് നമ്പർ സ ഉ (സാധാ) നം. 383/2023

6) 17.05.2023 -ലെ സർക്കാർ ഉത്തരവ് നമ്പർ സ ഉ (സാധാ) നം. 467/2023

7) 02.08.2023 – ലെ സർക്കാർ ഉത്തരവ് നമ്പർ സ ഉ (സാധാ) നം. 754/2023

സംസ്ഥാനത്തെ കാർഷിക മേഖലയെ കാർഷിക പാരിസ്ഥിക മേഖലയുടെയും കാർഷിക പാരിസ്ഥിക യൂണിറ്റിന്റെയും അടിസ്ഥാനത്തിൽ 2020 ഏപ്രിൽ 1 മുതൽ പുനർ നിശ്ചയിച്ചിട്ടുണ്ട് *(25/05/2019 തീയതിയിലെ സർക്കാർ ഉത്തരവ് (MS) നം . 66/2019/കൃഷി )* പാരിസ്ഥിക മേഖല/പാരിസ്ഥിക യൂണിറ്റ് അടിസ്ഥാനമാക്കിയ വിളനിർണയവും (Cropping patterns) സാമ്പത്തിക വിന്യാസവും (budgeting) പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയുടെ പ്രസക്തി പ്രാധാന്യം അർഹിക്കുന്നതാണ് എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുവാൻ "ഞങ്ങളും കൃഷിയിലേയ്ക്ക് " പദ്ധതിയും *(17/03/2022 തീയതിയിലെ സർക്കാർ ഉത്തരവ് (സാ) നം . 221/2022/കൃഷി)* തുടർന്ന് "കൃഷിക്കൂട്ടങ്ങളും" *(07/10/2022 തീയതിയിലെ സർക്കാർ ഉത്തരവ് (സാ) നം . 883/2022/കൃഷി )* രൂപീകൃതമായിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളെ മുഴുവനും ഘട്ടം ഘട്ടമായി കാർഷിക മേഖലയിൽ മുഴുവൻ സമയവും വ്യാപൃതരാക്കി കാർഷിക മേഖലയെ സജീവമാക്കുവാനും കാർഷിക മേഖലയെ പ്രധാന വരുമാന സ്രോതസ്സാക്കി 3 ലക്ഷം തൊഴിലവസരങ്ങൾ 2026നകം സൃഷ്ടിക്കുവാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

പതിനാലാം പഞ്ചവൽസര പദ്ധതി കാലത്ത് നടപ്പിലാക്കുന്ന പ്രധാന സമീപനങ്ങളിലൊന്നാണ് 'കൃഷിയിടാധിഷ്ഠിത ആസൂത്രണം'. 2022-23 കാലയളവിൽ ഈ സമീപനം വഴിയായി 10,760 മാതൃകാകൃഷിയിടങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഇതേത്തുടർന്ന് കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും തദ്വാരാ കർഷക ഉൽപ്പാദക സംഘങ്ങൾ ആരംഭിക്കുകയും ചെയ്തു. കർഷക ഉൽപ്പാദക സംഘങ്ങളെ കർഷക ഉൽപ്പാദക കമ്പനികളാക്കി ഈ സാമ്പത്തിക വർഷം തന്നെ മാറ്റേണ്ടതാണ്. കൂടാതെ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് 10 കൃഷിക്കൂട്ടങ്ങളും രൂപീകൃതമായിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 22269 ത്തിലധികം കൃഷിക്കൂട്ടങ്ങൾ രൂപീകൃതമാകുകയും അതിൽ 21575 കൃഷിക്കൂട്ടങ്ങൾ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഉൽപാദന/സേവന/വിപണന മേഖലകളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കൃഷിവകുപ്പിന്റെയും സംയുക്തമായ ശ്രമത്തിന്റെ ഭാഗമായാണ് ഈ കൃഷിക്കൂട്ടങ്ങൾ രൂപീകൃതമായിരിക്കുന്നത്. കൃഷിക്കൂട്ടത്തിന്റെ ഭാഗമാകുന്നതോടെ അതാതു കൂട്ടായ്മകളുടെ തീരുമാനമനുസരിച്ച് നിലവിൽ അനുവർത്തിക്കുന്ന രീതിയിൽ വ്യക്തിപരമായി കൃഷിചെയ്തു ലാഭമെടുക്കുവാനോ കൂട്ടായ്മയുടെ ഭാഗമായി കാർഷിക മേഖലയിൽ പ്രവർത്തിക്കുവാനോ കർഷകർക്ക് സ്വാതന്ത്ര്യമുണ്ടാകും . കൃഷിക്കൂട്ടങ്ങളെയും കൃഷിക്കൂട്ടാധിഷ്ഠിത ഫാൻ പ്ലാനുകളെയും കാർഷിക മേഖലയുടെ സ്ഥായിയായ

ഉന്നമനത്തിന് സമയബന്ധിതമായും സർക്കാർ ലക്ഷ്യം വയ്ക്കുന്ന രീതിയിലും പ്രയോജനപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## ഭാഗം 1

## കൃഷിക്കൂട്ടങ്ങളുടെ രൂപീകരണവും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സഹായവും

14-ാം പഞ്ചവത്സര പദ്ധതിയുടെ കാർഷിക പരിപാടികളുടെ ഭാഗമായി പ്രാദേശിക സാമ്പത്തിക വികസനം കാർഷിക മേഖലയിലൂടെ കൈവരിക്കുവാൻ കർഷകരുടെ ഒരു സ്വയം നിയന്ത്രിത സ്വതന്ത്ര കൂട്ടായ്മയെ കർഷക തല്പര സംഘമായി (Farmers Interest Group) നിർ വചിക്കുന്നതാണ് 'കൃഷിക്കൂട്ടം' . കൃഷിക്കൂട്ടം അംഗങ്ങൾ തങ്ങളുടെ നിലവിലുള്ളതും മറ്റ് പുതിയതുമായ വിഭവങ്ങൾ സമാഹരിക്കുന്നതിലൂടെയും തത്ഫലമായുണ്ടാകുന്ന നേട്ടങ്ങളിൽ പങ്കുചേരുന്നതിലൂടെയും ലക്ഷ്യം കൈവരിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുന്നു. ഇവയുടെ രൂപീകരണത്തിനും നടത്തിപ്പിനുമായി നിരവധി പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ട്. നിലവിലുള്ള കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ പുനഃസംഘടന കൂടാതെ കൂടുതൽ കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്, എന്നിരുന്നാലും, നിർവഹണത്തിൽ അപര്യാപ്തതകൾ കണ്ടെത്തുകയും ആവശ്യമായ തിരുത്തലുകളോ രൂപീകരണങ്ങളോ നടത്തുകയും ചെയ്യാവുന്നതാണ്.

**1. കൃഷിക്കൂട്ടങ്ങളുടെ രൂപീകരണം.**

ഫീൽഡ് തലത്തിൽ രൂപീകരിക്കേണ്ട FIGകളാണ് കൃഷിക്കൂട്ടങ്ങൾ. കൃഷി ഓഫീസർമാർ / കൃഷി ഫീൽഡ് ഓഫീസർമാർ, കൃഷി അസ്സിസ്റ്റന്റ്മാർ/ അസിസ്റ്റന്റ് കൃഷി ഓഫീസർമാർ അവരുടെ അധികാരപരിധിയിലുള്ള അനുയോജ്യരായ 5 മുതൽ 25 വരെ പൊതുവായ താല്പര്യവും ലക്ഷ്യവുമുള്ള കർഷകർ, കർഷക സ്ത്രീകൾ, യുവജനങ്ങൾ തുടങ്ങിയവരെ കണ്ടെത്തി ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്.

താഴെപ്പറയുന്ന തരത്തിലുള്ള കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്.

(i) <u>ഉൽപ്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ</u>: വാർഡുതല വിഭവ-ആവശ്യകത മുൻനിറുത്തി ഉൽപ്പാദന പദ്ധതിയിലൂടെ മികച്ച രീതിയിൽ കൃഷി ചെയ്യുന്ന 5 സെന്റ് മുതൽ 2 ഏക്കർ വരെ കൃഷി ചെയ്യുന്ന കൃഷിക്കൂട്ടങ്ങളെ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. ഉൽപ്പാദന മേഖലയുടെ കീഴിലുള്ള കൃഷിക്കൂട്ടങ്ങൾക്ക് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കാൻ സൗകര്യമൊരുക്കുന്നതിനും സാമ്പത്തികമായി ലാഭകരമാക്കുന്നതിനും അവരുടെ സംരംഭങ്ങൾ വിജയകരമാക്കുന്നതിനും BLAKC-കൾ ആവശ്യമായ സാങ്കേതിക സഹായം നൽകേണ്ടതാണ്.

(ii) <u>മൂല്യവർദ്ധന മേഖലയ്ക്ക് കീഴിലുള്ള കൃഷിക്കൂട്ടങ്ങൾ:</u> ഈ കൃഷിക്കൂട്ടങ്ങൾ ഉൽപ്പാദകരിൽ നിന്ന് വിപണനം ചെയ്യാവുന്ന മിച്ചം സംഭരിക്കുകയും അവരുടെ വിപണനക്ഷമത മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദന മൂല്യം വർധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങൾക്ക് അവർക്ക് അനുയോജ്യമായ സാങ്കേതിക വിദ്യയും യന്ത്രസാമഗ്രികളും ലഭ്യമാക്കുകയും അവരുടെ വൈദഗ്ധ്യവും അറിവും മെച്ചപ്പെടുത്തുന്നതിന് ശരിയായ പരിശീലനങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. വ്യാവസായിക നിലവാരമുള്ളതും വിപണി കണ്ടെത്താവുന്നതുമായ ഉൽപ്പന്നങ്ങൾ മാത്രമേ ഇവയിലൂടെ ഉല്പ്പാദിപ്പിക്കാവൂ.

(iii) <u>സേവന മേഖലയ്ക്ക് കീഴിലുള്ള കൃഷിക്കൂട്ടങ്ങൾ</u> : ഈ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നത് യന്ത്രവൽക്കരണത്തിലൂടെ ഉൽപ്പാദകരെയും (producers) സംസ്കരണ മേഖലയിലുള്ളവരെയും (processors) പിന്തുണയ്ക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ്. ഉൽപ്പാദന മൂല്യ വർദ്ധന മേഖലക്കാവശ്യമായ എല്ലാത്തരം സേവനങ്ങളും നൽകുക , വ്യത്യസ്ത യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് അവരെ പരിശീലിപ്പിക്കുകയും ലൈസൻസുകൾ നേടുന്നതിന് സൗകര്യമൊരുക്കുകയും ചെയ്യുക തുടങ്ങിയവ ചുമതലകളിൽ ഉൾപ്പെടുന്നു.

കൃഷിഭവൻ തലത്തിൽ ഈ ഗ്രൂപ്പുകൾ 8:1:1 (ഉത്പാദനം, മൂല്യവർദ്ധന, സേവനം) എന്ന അനുപാതത്തിൽ രൂപീകരിക്കാവുന്നതാണ്. എന്നിരുന്നാലും, ഫീൽഡ് തലത്തിലെ യഥാർത്ഥ ആവശ്യകത കണക്കിലെടുത്ത് വ്യതിയാനങ്ങൾ അനുവദനീയമാണ്.

**2) കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നത് വഴിയുള്ള നേട്ടം**

സാധ്യമായ എല്ലാ സ്ഥലത്തും കൃഷി വ്യാപിപ്പിക്കാം. എന്നാൽ ഈ കൃഷി ഒരു 'വിള നിർണ്ണയ വിപണന ആസൂത്രണ രേഖ' പ്രകാരം ആയതിനാൽ ഉത്പന്നങ്ങൾക്ക് വില ലഭിക്കാതെ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല. കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിലൂടെ, കർഷകർക്ക് അവരുടെ വിഭവങ്ങൾ പരമാവധി വിനിയോഗിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും. അത്തരത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാം. കൃഷിക്കൂട്ടങ്ങൾക്ക് സേവന വിപണന മേഖലകൾ കൂടി ഏറ്റെടുക്കാമെന്നതിനാൽ തൊഴിലവസരം കൂടുകയും ജീവിത നിലവാരം വർദ്ധിക്കുകയും ചെയ്യും. മൂല്യ വർദ്ധന മേഖല കൂടെ ഉൾപ്പെടുന്നതിനാൽ ഉല്പാദന നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും സാധിക്കും.

**3) കൃഷിക്കൂട്ടങ്ങളുടെ രൂപീകരണ മാതൃക**

കൃഷിക്കൂട്ടങ്ങൾക്ക് പ്രസിഡന്റും സെക്രട്ടറിയും ട്രഷററും ഉണ്ടായിരിക്കേണ്ടതാണ്. കൃഷിഭവനിൽ എയിംസ് പോർട്ടൽ വഴി രജിസ്റ്റർ ചെയ്യണം.

കൃഷിക്കൂട്ടത്തിന്റെ ഭാരവാഹികൾക്ക് ഒരു ജോയിന്റ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ് അതിൽ ഉദ്യോഗസ്ഥരാരും ഭാഗമാകേണ്ടതില്ല.

അംഗത്വ ഫീസ്, അല്ലെങ്കിൽ ജനറൽ ബോഡിയുടെ തീരുമാനപ്രകാരമുള്ള ഉചിതമായ മാർഗ്ഗങ്ങളിലൂടെ നിക്ഷേപം ശേഖരിക്കാൻ കൃഷിക്കൂട്ടങ്ങൾക്ക് അനുവാദമുണ്ട്. എന്നിരുന്നാലും, ഇടപാടുകളുടെ എല്ലാ രേഖകളും (ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്ററുകൾ, രസീത് ബുക്കുകൾ, ബന്ധപ്പെട്ട രേഖകൾ) , കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ഓഫീസർ , കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസർ എന്നിവർക്ക് ആനുകാലിക ഇടവേളകളിൽ പരിശോധനക്ക് ആവശ്യപ്പെടുമ്പോൾ കൃഷിഭവനിൽ എത്തിക്കേണ്ടതാണ്.

<u>കൃഷിക്കൂട്ടം - വാർഡ്തല കമ്മിറ്റി - വാർഡ്തല വിള ഉല്പാദന പ്ലാൻ</u>

ഒരു വാർഡിൽ ഒന്നിലധികം കൃഷിക്കൂട്ടങ്ങൾ ഉണ്ടാകാം. ഒറ്റയ്ക്കോ കൂട്ടായോ ഭൂമി കണ്ടെത്തി കൃഷി ചെയ്യാം. ഒരു പ്രസിഡന്റും സെക്രട്ടറിയും സംഘത്തിന് ഉണ്ടാകും. സംഘം കൃഷി ഭവനിൽ രജിസ്റ്റർ ചെയ്യണം. ഇതിനായി എയിംസ് പോർട്ടൽ ഉപയോഗിക്കാം.

വാർഡ്തലത്തിൽ വാർഡ് മെമ്പർ/കൗൺസിലർ അദ്ധ്യക്ഷനും, ആ വാർഡിന്റെ ചുമതലയുള്ള കൃഷി അസിസ്റ്റന്റ്/ അസിസ്റ്റന്റ് കൃഷി ഓഫീസർ കൺവീനറുമായും കുടുംബശ്രീ പ്രതിനിധി/ കർഷകസമിതി/ ഉത്തമകൃഷി കുടുംബാംഗം/ അംഗൻവാടി വർക്കർ/ആശ പ്രവർത്തകർ എന്നിവർ അംഗങ്ങളുമായും ഒരു വാർഡ്തല കർമ്മ സമിതി രൂപീകരിക്കണം.

ഈ സമിതി ആ വാർഡിന്റെ ഉല്പാദന സാദ്ധ്യത പരിശോധിച്ച് ഒരു വാർഡ്തല ഉല്പാദന പ്ലാൻ ആസൂത്രണം ചെയ്യണം. ആവശ്യമായ ഭൂമി കണ്ടെത്തൽ, അടിസ്ഥാന സൗകര്യം ഒരുക്കൽ, കൃഷി ചെയ്യാൻ സന്നദ്ധത ഉള്ള വ്യക്തികളെ കണ്ടെത്തി കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിലേയ്ക്ക് അവരെ സജ്ജമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇവർക്ക് ഏറ്റെടുക്കാം. കൃഷി അസിസ്റ്റന്റ്/ അസിസ്റ്റന്റ് കൃഷി ഓഫീസർ ഒരു പ്രധാന പങ്ക് വഹിക്കുന്ന ഈ കമ്മറ്റികൾ വാർഡ്തല കൃഷിക്കൂട്ടങ്ങളുടെ ഉപദേഷ്ടാക്കളായി പ്രവർത്തിക്കുന്നതായിരിക്കും.

<u>കൃഷിക്കൂട്ടം- പഞ്ചായത്ത് / മുനിസിപ്പൽതല സമിതി - പഞ്ചായത്ത്തല വിള ഉല്പാദന പ്ലാൻ</u>

വാർഡ്തലത്തിലെ കൃഷിക്കൂട്ടങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഉൾപ്പെടുന്ന ഫെഡറേറ്റഡ് ഘടന കൃഷിക്കൂട്ടം പഞ്ചായത്ത് / മുനിസിപ്പൽതല സമിതി എന്ന പേരിൽ അറിയപ്പെടും . ടി സമിതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ കൃഷിക്കൂട്ടങ്ങളുടെ പ്രസിഡന്റ്,

സെക്രട്ടറി എന്നിവരിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരാൾ വീതം ഫെഡറേഷന്റെ പ്രസിഡന്റ് സെക്രട്ടറി, ഖജാൻജി ആയും കൃഷി ഓഫീസർ, കൺവീനർ ആയും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കേണ്ടതാണ്. ഒരു കൃഷിക്കൂട്ടത്തിൽ നിന്ന് ഒരംഗത്തിനു മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ ഫെഡറേറ്റഡ് ഘടനയിൽ ഔദ്യോഗിക സ്ഥാനത്തിൽ വരുവാൻ സാധ്യമാകുകയുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ കൃഷിക്കൂട്ടങ്ങൾ പഞ്ചായത്തു / മുനിസിപ്പൽ തല സമിതിക്ക് താഴെയായിരിക്കും പ്രവർത്തിക്കുക. ഇതിൽ പഞ്ചായത്തു പ്രസിഡന്റ്, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ പ്രത്യേക ക്ഷണിതാക്കളും , മെന്റർമാരിൽ നിന്നും തെരഞ്ഞെടുക്കുന്നവർ സമിതിയിൽ ഉപദേശകരും ആയിരിക്കും. ഈ ഫെഡറേഷൻ കൃഷിക്കൂട്ടങ്ങളുടെ ഉപദേശക സമിതിയും വിവിധ വകുപ്പുകളുടെയും പദ്ധതികളുടെയും ഏകോപന ഏജൻസി ആയും പ്രവർത്തിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിള ഉല്പാദന പ്ലാൻ തയ്യാറാക്കുക. വിവിധ വകുപ്പുകളുടെ സേവനം ഏകോപിപ്പിക്കുക, കൃഷിക്കൂട്ടങ്ങൾക്കാവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തി നൽകുക. നവീന കൃഷിരീതികൾ, സാങ്കേതിക സഹായങ്ങൾ തുടങ്ങിയവ കൃഷിക്കൂട്ടങ്ങൾക്ക് നേടികൊടുക്കുക, മറ്റു സേവനങ്ങൾ നൽകുക എന്നിവ ഈ തലത്തിന്റെ ചുമതലയായിരിക്കും.

കൃഷിഭവൻതലത്തിൽ ഈ ഫെഡറേറ്റഡ് ഘടനയുടെ രൂപീകരണം P A O കൾ നേരിട്ട് നിരീക്ഷിക്കുകയും രൂപീകരണത്തിന്റെ പുരോഗതി ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്. ഈ ഫെഡറേറ്റഡ് ഓർഗനൈസേഷൻ ഫീൽഡ്തലത്തിലുള്ള ഏകോപന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതായിരിക്കും.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്**

വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി അതാതു തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി ഒരു കാർഷിക ബജറ്റ് തയ്യാറാക്കുവാനും ടി ബജറ്റ് നടപ്പാക്കുവാനും കൃഷിക്കൂട്ടങ്ങളുടെ സേവനം ഉറപ്പാക്കുക എന്നതാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രധാന കർത്തവ്യം. കൃഷിയുടെ വർക്കിങ് ഗ്രൂപ്പുകളിൽ കൃഷിക്കൂട്ടങ്ങളുടെ ഫെഡറേഷനിലെ അംഗങ്ങളെ കൂടെ ഉൾപ്പെടുത്തി തദ്ദേശസ്വയം ഭരണ സ്ഥാപനതല കാർഷിക പദ്ധതികളുടെ ആസൂത്രണം സാധ്യമാക്കണം. കൃഷിക്കൂട്ടങ്ങളുടെ രൂപീകരണത്തിൽ ജനപ്രതിനിധികൾ നേതൃത്വം വഹിക്കണം. വാർഡ് തല ഗ്രാമസഭകളിൽ കർമ്മ സമിതി അംഗങ്ങളെ പങ്കെടുപ്പിച്ച് കാർഷിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. . സ്ഥല ലഭ്യത ഉറപ്പ് വരുത്തണം . ഇത്തരത്തിൽ പ്രാദേശിക പദ്ധതികളിൽ കാർഷിക മേഖലയ്ക്ക് മുൻതൂക്കം കൊടുക്കാവുന്നതാണ്.

1. ഒരു വാർഡിൽ കുറഞ്ഞത് ഒരു ഗ്രൂപ്പ് എങ്കിലും പുതുതായി ആരംഭിക്കണം.

2. നിലവിലുള്ള ഗ്രൂപ്പുകളെ കൃഷിക്കൂട്ടങ്ങളായി പരിഗണിക്കാവുന്നതാണ്.

3.കുട്ടികൾ/യുവാക്കൾ/സ്ത്രീകൾ/പ്രവാസികൾ/പ്രായമായവർ എന്നിവർക്കായി പ്രത്യേക ഗ്രൂപ്പുകൾ ആരംഭിക്കാം.

4. ഒരു കൃഷിക്കൂട്ടത്തിൽ 5 മുതൽ 25 വരെ അംഗങ്ങളുണ്ടാകണം.

5.കൃഷിക്കൂട്ടം അംഗങ്ങൾക്ക് ഒറ്റയ്ക്കൊറ്റയ്ക്ക് കൃഷി ചെയ്യും ഗ്രൂപ്പിൽ ഭാഗമാകാവുന്നതാണ്.

6 . ആ പ്രദേശത്തെ കൃഷി അസിസ്റ്റന്റ്/ അസിസ്റ്റന്റ് കൃഷി ഓഫീസർ/ റിസോഴ്സ് പേഴ്സൺ ആയിരിക്കണം കൃഷിക്കൂട്ടത്തിന്റെ മെന്റർ.

7. കൃഷിക്കൂട്ടത്തിന് പ്രസിഡന്റ്/ സെക്രട്ടറി എന്നിവർ ഉണ്ടാകണം.

8 . കൃഷിക്കൂട്ടത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കൃഷി വകുപ്പിന്റെ രജിസ്ട്രേഷൻ നൽകുകയും അത് AIMS പോർട്ടലിൽ ഉൾപ്പെടുത്തുകയും ചെയ്യും.

9. കൃഷിക്കൂട്ടം എല്ലാ മാസവും യോഗം ചേരേണ്ടതാണ് . കൃഷിക്കൂട്ടത്തിന് അംഗത്വ രജിസ്റ്റർ , ഹാജർ ബുക്ക് , കാഷ് ബുക്ക്, സീൽ, ബാങ്ക് അക്കൗണ്ട് എന്നിവ ഉണ്ടായിരിക്കണം.

10. കൃഷിക്കൂട്ടം അതാതു കാലഘട്ടത്തിലെ വിളവെടുപ്പിനു ശേഷം ഒരു നിശ്ചിത തുക ലാഭവിഹിതത്തിൽ നിന്നും കണ്ടെത്തി സ്വരൂപിക്കേണ്ടതും ടി തുക കൃഷിക്കൂട്ടത്തിന്റെ പൊതു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത കൃഷി ഇറക്കലിനും യന്ത്ര സാമഗ്രികൾ കരസ്ഥമാക്കുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിനും കരുതൽ ധനമായി അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതും ആണ് . സാമ്പത്തിക ഇടപാടുകളുടെ ചുമതല കൃഷിക്കൂട്ടം സെക്രട്ടറിയ്ക്കായിരിക്കും. . സമ്പാദ്യ തുക തികച്ചും സുതാര്യമായും ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിച്ചും ആയിരിക്കണം ചിലവഴിക്കേണ്ടത്.

**<u>പ്രവർത്തനം</u>**

കൃഷിക്കൂട്ടങ്ങളെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഉത്പാദന മേഖല, വിപണന മൂല്യവർദ്ധന മേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കാവുന്നതാണ്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കൃഷിക്കൂട്ടങ്ങളുടെ 80 % ഉത്പാദന മേഖലയിലും 20 % ഇതര മേഖലകളിലുമായിരിക്കും പ്രവർത്തിക്കുക. ഉത്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്ക് ആവശ്യമെങ്കിൽ ഇതര മേഖലകളിലും പ്രവർത്തിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക പ്രത്യേകത കണക്കിലെടുത്ത് അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

**<u>കൃഷിക്കൂട്ടം (ഉൽപാദന മേഖല)</u>**

1. ഒറ്റയ്ക്കൊറ്റയ്ക്കോ ഗ്രൂപ്പായോ കൃഷി ചെയ്യുവാനുള്ള കൃഷിയിടം കണ്ടെത്തുക. പദ്ധതി ഏകോപനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ഉടമ്പടിയിൽ ഏർപ്പെടുക.

2. മണ്ണ് പരിശോധന നടത്തിക്കുക.

3. തദ്ദേശ സ്വയംഭരണ സ്ഥാപന സമിതിയുമായി ബന്ധപ്പെട്ട് സാങ്കേതിക/ സാമ്പത്തിക സഹായം തേടുക.

4. വിത്ത്/ വളം/യന്ത്രസഹായം എന്നിവ സമയബന്ധിതമായി എത്തിക്കുക.

5. കൃഷിയിടം അനുയോജ്യമായി ഒരുക്കുക.

6. ഉല്പാദന പ്ലാൻ തയ്യാറാക്കുക.

7. വിള ഇൻഷ്വറൻസ് നടത്തുക.

8. വിത്തു ഉല്പാദന പ്ലാൻ തയ്യാറാക്കുക.

9. മൂല്യവർദ്ധനവിനുള്ള സാധ്യത തേടുക.

10. അടുത്ത സീസണിലെ ഉല്പാദന പ്ലാൻ തയ്യാറാക്കുക.

11. ഡോക്യുമെന്റേഷൻ നടത്തുക.

**<u>കൃഷിക്കൂട്ടം- (സേവനം/ സംഭരണം/ വിതരണം മേഖല)</u>**

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉൽപാദന പ്ലാനിന് അനുസൃതമായ സേവന മേഖലയിലെ പ്രവർത്തന രേഖ തയ്യാറാക്കുക.

2. ഉല്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം.

3. പ്രവർത്തന രേഖ നടപ്പിലാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുക.

4. ആവശ്യമായ സാമ്പത്തിക/ സാങ്കേതിക സഹായം ലഭ്യമാക്കുക.

5. ആവശ്യമായ ചുമതല അംഗങ്ങൾക്ക് നിശ്ചയിച്ച് നൽകുക.

6 . സേവനം/ സംഭരണങ്ങളുമായി ബന്ധപ്പെടേണ്ട കൃഷിക്കൂട്ടങ്ങളെ കണ്ടെത്തുക. മൂല്യവർദ്ധന ഉല്പന്നങ്ങൾ കണ്ടെത്തുക.

7. സേവനം/ സംഭരണം/ മൂല്യവർദ്ധനവ് ആരംഭിക്കുക.

8. പ്രാദേശിക വിപണി കണ്ടെത്തുക.

9. അടുത്ത സീസണിലെ ഉത്പാദന പ്ലാൻ അടിസ്ഥാനമാക്കി സംഭരണ/ സേവന പ്ലാൻ മുൻകൂട്ടി തയ്യാറാക്കുക.

10. കാർഷിക കർമ്മസേനയോ തത്തുല്യ സേവന ഗ്രൂപ്പുകളോ മുഖേന സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുക.

__കൃഷിക്കൂട്ടം- (വിപണന/ മൂല്വർദ്ധന മേഖല)__

1. മൂല്യവർദ്ധനവ് അധിഷ്ഠിതമായ കൃഷിയും കൃഷിരീതിയും പ്രോത്സാഹിപ്പിക്കുക.

2.മൂല്യ വർദ്ധനവ് നടപ്പിലാക്കാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ കണ്ടെത്തുക.

3. ഇവയ്ക്ക് ആവശ്യമായ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുക.

4 . മൂല്യവർദ്ധനവ് അധിഷ്ഠിതമായ ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

5. മൂല്യവർദ്ധന മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള പിന്തുണ കണ്ടെത്തുക- വ്യവസായ വകുപ്പ്, കുടുംബശ്രീ, മൃഗസംരക്ഷണവകുപ്പ് etc.

6. കാർഷിക മേഖലയിലെ ഡിജിറ്റൽ സാങ്കേതിക വിദ്യ പരമാവധി ഫലപ്രദമായി ഉപയോഗിക്കുക.

7 . ഈ മേഖലയിലെ കൃഷിക്കൂട്ടങ്ങളെ ഘട്ടം ഘട്ടമായി FPO കളും Start-upകളും Agro Parkകളും ആയി മാറ്റാൻ സംവിധാനം ഒരുക്കുക.

8. വിപണനകേന്ദ്രങ്ങൾ ആരംഭിക്കുക.

9. പ്രാദേശികമായി ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുക.

__4) റിസോഴ്സ് പേഴ്സൺ__

സംസ്ഥാനതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലം വരെ കൃഷിക്കൂട്ട വ്യാപനത്തിനാവശ്യമായ റിസോഴ്സ് പേഴ്സൺമാരെ കൃഷി വകുപ്പ് പരിശീലിപ്പിച്ചു സജ്ജരാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ നിന്നും ഇവരെ ജില്ലകളിലേയ്ക്ക് നിയോഗിക്കും. ജില്ലാ നോഡൽ ഓഫീസർമാർ ഇവരെ വിവിധ ബ്ലോക്കുകളിലേയ്ക്ക് നിയോഗിക്കും. ബ്ലോക്കുകളിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുമായി കൂടിയാലോചിച്ചു കൃഷിഭവൻ തലത്തിൽ പ്രവർത്തനങ്ങൾ ഇവർ ഏകോപിപ്പിക്കും.

ഓരോ ബ്ലോക്ക് തലത്തിലും 8 മുതൽ 12 വരെ റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കേണ്ടതുണ്ട്. ഇതിനായി ബ്ലോക്കിലേയ്ക്ക് നിയോഗിക്കപ്പെട്ട ജില്ലാതല റിസോഴ്സ് പേഴ്സൺമാർ സഹായിക്കും. ഇതിൽ 3 - 4 പേരെ സർക്കാർ സംവിധാനത്തിന് പുറത്തു നിന്നും നിയോഗിക്കാവുന്നതാണ്. കൃഷിക്കൂട്ട രൂപീകരണത്തിനും തുടർ പ്രവർത്തനത്തിനുമായി വേണ്ടി വരുന്ന എല്ലാ പരിശീലനങ്ങളും

ബ്ലോക്കിലേയ്ക്ക് നിയോഗിക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാർ മുഖാന്തിരം ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രം നൽകുന്നതായിരിക്കും.

സർക്കാർ സംവിധാനത്തിൽ നിന്നും ആത്മ, പച്ചക്കറി വികസന പദ്ധതി, ലീഡ്സ് ഫീൽഡ് അസിസ്റ്റന്റ്മാർ, പെസ്റ്റ് സ്കൗട്ടുമാർ, തുടങ്ങിയവരെ ഇതിനായി നിയോഗിക്കാവുന്നതാണ്. ഇവർ കൃഷിക്കൂട്ടങ്ങളുടെ മെന്റർമാരായും പ്രവർത്തിക്കുന്നതാണ്. കൃഷിക്കൂട്ടങ്ങളെ ഉല്പാദന മേഖലയിലേയ്ക്കോ, സേവന മേഖലയിലേയ്ക്കോ, മൂല്യവർദ്ധന സംസ്കരണ മേഖലയിലേയ്ക്കോ ആണ് നയിക്കേണ്ടത് എന്ന മാർഗ്ഗ ദർശനം നൽകേണ്ടത് ഈ റിസോഴ്സ് പേഴ്സൺമാരുടെയും വാർഡ് മെമ്പർമാരുടെയും ചുമതല ആയിരിക്കും.

പദ്ധതിയുടെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള താഴെപ്പറയുന്ന ഘടനാ സംവിധാനം ഇതിനകം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് തയ്യാറായി കഴിഞ്ഞു എന്ന് എല്ലാ കൃഷി ഓഫീസറും കൃഷി അസിസ്റ്റന്റ് ഡയറക്ടറും ഉറപ്പാക്കേണ്ടതാണ് .

1. എല്ലാ വാർഡുകളും കേന്ദ്രീകരിച്ച് വാർഡ് മെമ്പർ അദ്ധ്യക്ഷനും കൃഷി അസിസ്റ്റന്റ് കൺവീനറുമായും വാർഡ്തല സമിതിയുടെ രൂപീകരണം .
2. എല്ലാ വാർഡുകളും കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കർഷകൻ അഞ്ച് ഉത്തമ കൃഷി കുടുംബാംഗങ്ങൾ എന്നിവരുടെ തെരഞ്ഞെടുപ്പ് .
3. എല്ലാ വാർഡുകളും കേന്ദ്രീകരിച്ച് വാർഡ് തല വിള നിർണയ ഉൽപാദന പ്ലാൻ രൂപീകരിക്കൽ.
4. എല്ലാ വാർഡുകളും കേന്ദ്രീകരിച്ച് കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കൽ.
5. കൃഷിക്കൂട്ടങ്ങൾക്ക് പഞ്ചായത്തുതല രജിസ്ട്രേഷൻ (AIMS രജിസ്ട്രേഷൻ) പൂർത്തീകരിക്കൽ .
6. കൃഷിക്കൂട്ടം പഞ്ചായത്ത്തല സമിതി രൂപീകരിക്കൽ.
7. പഞ്ചായത്ത്തല വിള നിർണയ ഉല്പാദന പ്ലാൻ രൂപീകരിക്കൽ.
8. ബ്ലോക്കുതല വിള നിർണയ പ്ലാൻ, വിപണന പ്ലാൻ രൂപീകരിക്കൽ.
9. ബ്ലോക്കുതല തരിശു നിർമ്മാർജന പ്ലാൻ രൂപീകരിക്കൽ.
10. പഞ്ചായത്തുതല/ബ്ലോക്കുതല റിസോർസ് പേഴ്സൺ തെരഞ്ഞെടുപ്പ്

## ഭാഗം 2

## കൃഷിക്കൂട്ടാധിഷ്ഠിത ഫാം പ്ലാൻ വികസന സമീപനം - നിർവഹണ നിർദ്ദേശങ്ങൾ

കർഷകരുടെ എല്ലാ വിഭവങ്ങളും സംയോജിപ്പിച്ചു മികച്ച ആസൂത്രണത്തിലൂടെ വിവിധ സംരംഭങ്ങളും വിളകളും കാർഷിക പാരിസ്ഥിതിക യൂണിറ്റിന്റെ അടിസ്ഥാനത്തിൽ ഉയർന്ന വരുമാനം ഉറപ്പാക്കുന്ന സമീപനമാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണം (ഫാം പ്ലാൻ). വിള അധിഷ്ഠിത ആസൂത്രണത്തിൽ നിന്നും വിഭിന്നമായി കർഷകന്റെ കൃഷിയിടം ആസൂത്രണത്തിന്റെ പ്രധാന ഘടകമായി കണക്കിലെടുക്കുന്നു. അതിനാൽ കർഷകന് / കർഷക കൂട്ടായ്മക്ക് തന്റെ കൃഷിയിടത്തിൽ സാധ്യമായ എല്ലാ ഉല്പാദന പ്രക്രിയയും ശാസ്ത്രീയമായി ചെയ്യാൻ സാധിക്കുന്നു. അത് വഴി നഷ്ടം ഇല്ലാതാക്കാനും, ലാഭം വർധിപ്പിക്കാനും സാധിക്കും. ഇതിനായി കൃഷി ഓഫീസർമാരും വിവിധ വിദഗ്ധരും സഹായിക്കുന്നതായിരിക്കും. മറ്റു പദ്ധതികളിൽ നിന്നും കർഷകന്റെ വളരെ നിർണ്ണായകമായ ആവശ്യങ്ങൾ നിറവേറ്റാൻ പറ്റാത്ത പക്ഷം ഈ പദ്ധതി വഴിയായി അതിനുള്ള സേവനങ്ങൾ വിവിധ ഏജൻസികൾ മുഖാന്തിരം നിർവഹിക്കപ്പെടുന്നതാണ്.

**1. അപേക്ഷകരുടെ യോഗ്യതയും തെരെഞ്ഞെടുക്കലും.**

(എ) ഫാം പ്ലാൻ വികസന സമീപനത്തോടെ ഒരു പ്രാഥമിക പദ്ധതി കൃഷിവകുപ്പ് 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കുകയുണ്ടായി . 10760 ഫാം പ്ലാനുകൾ ഇത്തരത്തിൽ രൂപീകരിക്കപ്പെടുകയുണ്ടായി . നിലവിലുള്ള ഈ ഫാം പ്ലാനുകളെ ഒരുമിച്ച് കൂട്ടി കൃഷിക്കൂട്ടങ്ങളാക്കി മാറ്റുന്ന പ്രക്രിയയും ഈ ഫാം പ്ലാൻ അധിഷ്ഠിത കൃഷിക്കൂട്ടങ്ങൾ ഉല്പാദന മേഖലയിൽ ഏകീകൃത സ്വഭാവത്തോടെ പാരിസ്ഥിക യൂണിറ്റ് അടിസ്ഥാനമാക്കി വിള നിർണയത്തിൽ എത്തുന്നു എന്നും ഉറപ്പാക്കേണ്ടതുണ്ട് . ഫാം പ്ലാൻ അധിഷ്ഠിത സമീപനത്തിന് കീഴിലുള്ള എല്ലാ പരിപാടികളും

കൃഷിക്കൂട്ടത്തിൽ അംഗങ്ങളായുള്ള ചെറുകിട നാമമാത്ര കർഷകർക്കോ കൃഷിക്കൂട്ടം വഴിയുള്ള കൂട്ടായ്മക്കോ വേണ്ടിയുള്ളതാണ് എന്നതാണ് 2023-24 സാമ്പത്തിക വർഷത്തെ സമീപനം. കൃഷിഭവൻതലത്തിൽ വ്യാപകമായ പ്രചാരണം നൽകിയ ശേഷം **വ്യക്തിഗത കർഷകർ / കൃഷിക്കൂട്ടം (ഉൽപാദന മേഖല)** അപേക്ഷകരുടെ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. കൃഷിക്കൂട്ടത്തിനുവേണ്ടി പ്രസിഡന്റ് /സെക്രട്ടറി/ ഖജാൻജി എന്നിവർക്ക് അപേക്ഷ നൽകാവുന്നതാണ്. അപേക്ഷിക്കുന്നവരുടെ പട്ടിക കൃഷിഭവനുകളിലെ കാർഷിക വികസന സമിതികളിൽ അപേക്ഷ സ്വീകരിക്കുന്ന അന്തിമ തീയതിക്കു ശേഷം അവതരിപ്പിക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അന്തിമ തീയതി അതത് കൃഷി അസിസ്റ്റന്റ് ഡയറക്ടറുമായി കൂടിയാലോചിച്ച് ഒരു ബ്ലോക്കിന് ഒരു പൊതു തീയതി നിശ്ചയിക്കാവുന്നതാണ്. അപേക്ഷയുടെ മാതൃക **അനുബന്ധം 1**-ൽ ഉൾപ്പെടുത്തിയിരിക്കുന്ന രീതിയിൽ ആയിരിക്കണം.

(ബി) അപേക്ഷകർക്ക് കൃഷി ഭൂമിയായി കുറഞ്ഞത് 10 സെന്റ് എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. കൃഷിക്കൂട്ടമാണെങ്കിൽ കൃഷിക്കൂട്ടത്തിലെ ഒരംഗത്തിനു ഏറ്റവും കുറഞ്ഞത് 10 സെന്റ് എന്ന ക്രമത്തിൽ ഭൂമി ഉണ്ടായിരിക്കണം . ഈ ഭൂമി പാട്ടവ്യവസ്ഥയിൽ ഉള്ളതോ അംഗത്തിന് സ്വന്തമായി ഉള്ളതോ ആകാം. പാട്ട വ്യവസ്ഥയിൽ വ്യക്തിഗത കർഷകൻ അല്ലങ്കിൽ കൃഷിക്കൂട്ടം ലഭ്യമാക്കുന്ന ഭൂമി യഥാക്രമം കുറഞ്ഞത് 3/5 വർഷത്തേക്ക് പാട്ടത്തിനു ലഭ്യമാക്കിയതായിരിക്കണം. വ്യക്തിഗത ഫാം പ്ലാനുകളുടെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടും ഒരു കൃഷിക്കൂട്ടത്തിനു ഒന്നിലധികം ഫാം പ്ലാനുകളുടെ ഉടമകളാകാൻ സാധ്യമാകും.

(സി) അപേക്ഷകൻ / അപേക്ഷകർ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തവരായിരിക്കണം.

**2. അപേക്ഷകരുടെ റാങ്കിംഗും റാങ്കിംഗിനായുള്ള മാനദണ്ഡങ്ങളും.**

(എ) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് മാത്രമായി BLAKC യുടെ ഒരു പ്രത്യേക യോഗം വിളിക്കേണ്ടതാണ്. എല്ലാ കൃഷി ഓഫീസർമാരും (AOs) / കൃഷി ഫീൽഡ് ഓഫീസർമാരും (AFOs) ഗുണഭോക്താക്കളുടെ പട്ടിക അവരുടെ അപേക്ഷകളുടെ പകർപ്പ് സഹിതം ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് മീറ്റിംഗ് തീയതിയിലോ അതിന് മുമ്പോ കൈമാറണം.

(ബി) BLAKC യുടെ പ്രത്യേക മീറ്റിംഗിൽ, ചുവടെ ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷകരെ വിലയിരുത്തി ആവശ്യമാണെങ്കിൽ ഫീൽഡ് സന്ദർശനങ്ങൾ നടത്തി റാങ്ക് ചെയ്യേണ്ടതാണ്. **ഫാം പ്ലാനുകളുടെ അപേക്ഷകൾ പരിഗണിക്കുമ്പോൾ കൃഷിക്കൂട്ടങ്ങൾക്ക് മുൻഗണന നൽകിയായിരിക്കണം തെരെഞ്ഞെടുപ്പ് നടത്തേണ്ടത് . ഒരു കൃഷിഭവനിൽ അനുവദിക്കുന്ന 10 ഫാം പ്ലാനുകൾ ഒരു കൃഷിക്കൂട്ടത്തിൽ അനുവദിക്കുകയായിരിക്കും ഉത്തമം . ഇതിനായി കൃഷിക്കൂട്ടാധിഷ്ഠിത ഫാം പ്ലാൻ/ വ്യക്തിഗത ഫാം പ്ലാൻ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡം പാലിക്കേണ്ടതും ഫാം പ്ലാൻ രൂപീകരണത്തിന് നൽകുന്ന സാമ്പത്തിക /ഭൗതീക പിന്തുണ, കൃഷിക്കൂട്ടത്തിന്റെ നിർണായക ഘടകങ്ങൾക്കുള്ള പിന്തുണയായി ((Critical components) ഉപയോഗിക്കാവുന്നതുമാണ് .** ഓരോ കൃഷിഭവനിലും ഗുണഭോക്താക്കളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കുകയും അത് BLAKC യിൽ അന്തിമമാക്കിയ ശേഷം കാർഷിക വികസന സമിതി യുടെ അടുത്ത യോഗത്തിൽ അവതരിപ്പിക്കുകയും അതത് ഓഫീസുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്. BLAKC, കാർഷിക വികസന സമിതി എന്നിവയിൽ ഇതുമായി ബന്ധപ്പെട്ട് ചേർന്ന യോഗങ്ങളുടെ നടപടിക്രമം അതാതു രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**മൂല്യനിർണ്ണയത്തിനും റാങ്കിംഗിനുമുള്ള മാനദണ്ഡങ്ങൾ: (വ്യക്തിഗത ഫാം പ്ലാൻ)**

| ക്രമ നമ്പർ | മാനദണ്ഡം | മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡം | നൽകിയ മാർക്ക് |
|---|---|---|---|
| 1 | കൃഷിയിൽ നിന്നുള്ള വരുമാനം (ശതമാനാടിസ്ഥാനത്തിൽ) | ഓരോ ശതമാനത്തിനും 0.2 മാർക്ക്. (പരമാവധി മാർക്ക് -20) | |
| 2 | കാർഷിക മേഖലയിലെ | ഒരു വർഷത്തിന് 4മാർക്ക്(പരമാവധി മാർക്ക്-20) | |

| | | | |
|---|---|---|---|
| | പ്രവർത്തന പരിചയം | | |
| 3 | ശാസ്ത്രീയകൃഷി രീതികൾ നടപ്പിലാക്കിയതിന്റെ വിവരം | പൂർണ്ണമായും ശാസ്ത്രീയ രീതി സ്വീകരിച്ചത് - 20 മാർക്ക്,ഇടത്തരം ശാസ്ത്രീയരീതി സ്വീകരിച്ചത് - 10 മാർക്ക്, ശാസ്ത്രീയരീതി പ്രാരംഭ ദിശയിൽ - 5 മാർക്ക്, ശാസ്ത്രീയരീതി ഇല്ല - 0 മാർക്ക്. | |
| 4 | കൃഷിക്കൂട്ടത്തിലെ പങ്കാളിത്തത്തിന്റെ വിവരം | വളരെ സജീവമായ പങ്കാളിത്തം - 20 മാർക്ക്, തൃപ്തികരമായ പങ്കാളിത്തം - 10 മാർക്ക്, ഇടയ്ക്കിടെ - 5 മാർക്ക്, സജീവമല്ല - 0 മാർക്ക് | |
| 5 | യന്ത്രവൽക്കരണത്തിന്റെ തോത് | പൂർണ്ണമായും യന്ത്രവൽക്കരിച്ചത്- 20 മാർക്ക്, ഭാഗികമായ യന്ത്രവൽക്കരണം- 1 0 മാർക്ക്, യന്ത്രവൽക്കരണത്തിന്റെ പ്രാരംഭഘട്ടം- 5 മാർക്ക്, യന്ത്രവൽക്കരണ പ്രവർത്തനമില്ല - 0 മാർക്ക് | |

**മൂല്യനിർണ്ണയത്തിനും റാങ്കിംഗിനുമുള്ള മാനദണ്ഡങ്ങൾ: (കൃഷിക്കൂട്ട അധിഷ്ഠിത ഫാം പ്ലാൻ)**

| **ക്രമ നം** | **മാനദണ്ഡം** | **മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡം** | **നൽകിയ മാർക്ക്** |
|---|---|---|---|
| 1 | കൃഷിക്കൂട്ടത്തിലെ അംഗങ്ങളുടെ എണ്ണം | ഒരംഗത്തിനു 1 മാർക്ക് വീതം (പരമാവധി 25 മാർക്ക്)<br><br>5 അംഗങ്ങളിൽതാഴെ 0 മാർക്ക് | |
| 2 | കൃഷിക്കൂട്ടത്തിന്റെ കൃഷി വിസ്തൃതി | മാനദണ്ഡപ്രകാരം/അതിൽകൂടുതൽ(എല്ലാ അംഗങ്ങൾക്കും കുറഞ്ഞത് 10 cent) -20 മാർക്ക്<br><br>മാനദണ്ഡത്തിൽ കുറഞ്ഞാൽ-10 മാർക്ക്<br><br>മാനദണ്ഡപ്രകാരം ഇല്ലയെങ്കിൽ-0 മാർക്ക് ( പരമാവധി 20 മാർക്ക്) | |
| 3 | കൃഷിക്കൂട്ടത്തിന്റെ പ്രവർത്തനം | വളരെ സജീവമായ പങ്കാളിത്തം - 20 മാർക്ക് , തൃപ്തികരമായ പങ്കാളിത്തം - 10 മാർക്ക്, ഇടയ്ക്കിടെ - 5 മാർക്ക്, സജീവമല്ല - 0 മാർക്ക് | |
| 4 | ശാസ്ത്രീയകൃഷി രീതികൾ നടപ്പിലാക്കിയ മുൻ പരിചയം | മുഴുവൻഅംഗകൾക്കും -15 മാർക്ക് | |

| | | | |
|---|---|---|---|
| | | പകുതിയിൽതാഴെ - 5 മാർക്ക്<br>(പരമാവധി 20 മാർക്ക്) | |
| 5 | യന്ത്രവൽക്കരണത്തിന്റെ തോത് | പൂർണ്ണമായും യന്ത്രവൽക്കരിച്ചത് - 20 മാർക്ക് , ഭാഗികമായ യന്ത്രവൽക്കരണം-10 മാർക്ക്, യന്ത്രവൽക്കരണത്തിന്റെ പ്രാരംഭഘട്ടം- 5 മാർക്ക്, യന്ത്രവൽക്കരണ പ്രവർത്തനമില്ല - 0 മാർക്ക് | |

**3. കരട് ഫാം പ്ലാൻ തയ്യാറാക്കൽ**

(എ) ഒരു കൃഷിയിടത്തിന്റെ മൊത്തം വിളയിടാധിഷ്ഠിധ കാർഷിക പ്രവർത്തനങ്ങളുടെ ഒരു മുൻകൂർ രേഖ" എന്നാണ് **'**ഫാം പ്ലാൻ**'** എന്നതുകൊണ്ട് ഈ പദ്ധതിയിൽ നിർവചിച്ചിരിക്കുന്നത്. ഒരു ഉത്തമ ഫാം പ്ലാനിൽ കൃഷിയിടത്തിലെ എല്ലാ വിഭവ പരിമിതികളെയും ഉൾക്കൊണ്ട് കൊണ്ട് പരമാവധി ലാഭം കർഷകന് / കൃഷിക്കൂട്ടത്തിന് നല്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കും പ്രതിപാദിച്ചിരിക്കുക. ഫീൽഡ് തലത്തിൽ ഒരു ഫാം പ്ലാൻ തയ്യാറാക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

(i) സാങ്കേതികമായി സംഭവിക്കുന്ന മാറ്റങ്ങൾ, കീട-രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത്, പ്രകൃതിക്ഷോഭങ്ങൾ, വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് മുതലായ അടിയന്തര സാഹചര്യങ്ങളെക്കൂടി കണക്കിലെടുത്ത് വേണം ഒരു ഫാം പ്ലാൻ തയ്യാറാക്കേണ്ടത്.

(ii).വിഭവ ഉപയോഗം പരമാവധി വർധിപ്പിക്കുന്ന തരത്തിലായിരിക്കണം ഒരു ഫാം പ്ലാൻ തയ്യാറാക്കേണ്ടത് .

(iii).കാർഷിക വിഭവങ്ങളുടെ മെച്ചപ്പെട്ട ഉപയോഗത്തിലൂടെയും സമതുലിതമായ സംയോജനത്തിലൂടെയും ലാഭം പരമാവധിയാക്കാനുള്ള ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഒരു ഫാം പ്ലാനിലൂടെ സാധ്യമാകണം.

(iv).ഉചിതമായ വരുമാന ഉറപ്പിന്റെയും ഇൻഷുറൻസിന്റെയും മാർഗങ്ങൾ തെരെഞ്ഞെടുത്ത് നിലവിലുള്ള റിസ്ക് മാനേജ്മെന്റ് ഓപ്ഷനുകൾ പിന്തുടർന്ന് അപകടസാധ്യതയും അനിശ്ചിതത്വവും പരിഹരിക്കാന് ഉതകുന്ന തരത്തിലാണ് ഫാം പ്ലാൻ തയ്യാറാക്കേണ്ടതാണ്.

(v) കർ ഷകർ ക്ക് /കൃഷിക്കൂട്ടത്തിന് കാർഷിക വായ്പ സമയബന്ധിതമായി ലഭിക്കുന്നതിനും തിരിച്ചടയ്ക്കുന്നതിനും ഫാം പ്ലാൻ സഹായകരമായിരിക്കും.

(vi) കർഷകന്റെ/കൃഷിക്കൂട്ടത്തിന്റെ അനുഭവവും മുൻഗണനകളും കണക്കിലെടുക്കുന്ന തിനോടൊപ്പം ശാസ്ത്രീയവും തെളിയിക്കപ്പെട്ടതുമായ സാങ്കേതികവിദ്യകളെ മാത്രം അടിസ്ഥാനമാക്കിയുള്ളതുമാകണം ഫാം പ്ലാനിലെ ഘടകങ്ങൾ.

(ബി) ഈ സർക്കുലറിനൊപ്പം **അനുബന്ധം II** ആയി ഉള്ളടക്കം ചെയ്തിട്ടുള്ള ഫോർമാറ്റ് പ്രകാരമായിരിക്കണം ഫാം പ്ലാൻ തയ്യാറാക്കുന്നതിനുള്ള വിവരശേഖരണം. വിവരശേഖരണം സംബന്ധിച്ച് കൃഷി ഓഫീസർമാർ അവരുടെ കൃഷി അസിസ്റ്റന്റുമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ

നൽകുകയും അവർ ശേഖരിച്ച ഡാറ്റയുടെ കൃത്യത ഉറപ്പുവരുത്തി ഫോർമാറ്റിൽ പൂരിപ്പിക്കുകയും ചെയ്യണം.

(സി) കേരളത്തിലെ നിർദ്ദിഷ്ട അഗ്രി-സ്റ്റാക്ക് സംവിധാനത്തിനൊപ്പം ഈ സ്കീമിൽ വിവരശേഖരണത്തിനുള്ള ഒരു ഡിജിറ്റൽ രീതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഫീൽഡ് ഓഫീസർമാർ, അവരുടെ കൺട്രോളിംഗ് ഓഫീസർമാർ, ഡയറക്ടറേറ്റിലെ വിവിധ വിഭാഗങ്ങൾ എന്നിവരുൾപ്പെടെ എല്ലാ സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചിച്ച് ഇത് വികസിപ്പിക്കുന്നതിന് ഡയറക്ടറേറ്റിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐടി) ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇതിനായി 2401- 00-109-56 (P) H/Aശീർഷകത്തിൽ 50.00 ലക്ഷം അനുവദിച്ചിട്ടുണ്ട്. വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് പദ്ധതി അവലോകനവും മോണിറ്ററിംഗ് നടത്തുന്നതിനുള്ള സാഹചര്യവും ഒരുക്കേണ്ടതാണ്.

(ഡി).വിവരശേഖരണത്തിനും ഫാം പ്ലാൻ തയ്യാറാക്കുന്നതിനുമുള്ള എല്ലാ പ്രക്രിയകളിലും വിവിധ കരാർ/ഫീൽഡ് ജീവനക്കാരെയും വിവിധ പ്രോഗ്രാമുകൾക്ക് കീഴിലുള്ള ഇന്റേണുകളെയും നിയോഗിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ /പ്രോജക്ട് ഡയറക്ടർ (ATMA) പുറപ്പെടുവിക്കേണ്ടതാണ്. കൂടാതെ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും അവരുടെ ഉത്തരവനുസരിച്ച് കരാർ ജീവനക്കാരെ വിന്യസിക്കേണ്ടതാണ്. ഈ സർക്കുലറിന്റെ **അനുബന്ധം III**-ൽ വിവരിച്ചിരിക്കുന്ന ഫോർമാറ്റ് അനുസരിച്ച് കൃഷി ഓഫീസർമാർ / കൃഷി ഫീൽഡ് ഓഫീസർമാർ ഒരു കരട് ഫാം പ്ലാനുകൾ തയ്യാറാക്കേണ്ടതാണ്. മാസ്റ്റർ ട്രെയിനർമാർ ഇക്കാര്യത്തിൽ അവർക്ക് ആവശ്യമായ സഹായം നൽകേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി മാത്രമേ ഫാം പ്ലാനും തയ്യാറാക്കാൻ പാടുള്ളൂ.

(ഇ).ഫാം പ്ലാൻ ഫലപ്രദമായി തയ്യാറാക്കുന്നതിനായി വെറ്ററിനറി സർജൻമാർ, ക്ഷീരവികസന ഉദ്യോഗസ്ഥർ, കാർഷിക സർവകലാശാലയിൽ നിന്നുള്ള ശാസ്ത്രജ്ഞർ തുടങ്ങിയവർ ഉൾപ്പെടുന്ന മൾട്ടി ഡിസിപ്ലിനറി ടീം(MDT) ആവശ്യമെങ്കിൽ ഫീൽഡ് സന്ദർശനങ്ങൾ നടത്തേണ്ടതാണ്.

(എഫ്) കൃഷി ഭൂമിയുടെ (AEZ, AEU), ഭൂപ്രകൃതി, മണ്ണിന്റെ തരം, ഫലഭൂയിഷ്ഠത, നീർവാർച്ച സൗകര്യം(DraInage) മുതലായവയ്ക്ക് അനുസൃതമായ മണ്ണ്-ജല സംരക്ഷണ പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

(ജി) കുടുംബാധ്വാനത്തിന്റെ വിനിയോഗം, വിദഗ്ധ തൊഴിലാളികളുടെ ആവശ്യകത, കർഷകന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ, യന്ത്രവൽക്കരണത്തിന്റെ വ്യാപ്തി, അതിന്റെ ആവശ്യകതകൾ, പുതിയ സംരംഭങ്ങൾ വൈവിധ്യവൽക്കരണം എന്നിവക്ക് ആവശ്യമായിവരുന്ന അധിക തൊഴിലാളികളുടെ ചെലവ് മുതലായവ ഫാം പ്ലാൻ തയാറാക്കുമ്പോൾ കണക്കിലെടുക്കേണ്ടതാണ്.

(എച്ച്) ഫാം പ്ലാൻ വികസിപ്പിക്കുന്നതിൽ മൂലധനം ഒരു പ്രധാന പങ്ക് വഹിക്കുന്നു. അതിനാൽ ആവശ്യമായ വിലയിരുത്തൽ Resource Analysis Mode-ൽ നടത്തുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി വികസിപ്പിച്ച അന്തിമ ഫാം പ്ലാൻ ആ പ്രദേശത്തെ ഏതെങ്കിലും ദേശസാൽകൃത ബാങ്കുകളിൽ സമർപ്പിച്ച് വായ്പക്ക് അപേക്ഷിക്കാവുന്നതാണ്. ഈ വായ്പാ വിടവ് കിസാൻ ക്രെഡിറ്റ് കാർഡിലൂടെ (കെസിസി) പരിഹരിക്കാൻ കഴിയുന്നതാണ്. കൂടാതെ ഇത്തരം വ്യവസ്ഥകൾ പ്രയോജനപ്പെടുത്തുന്നതിന് എല്ലാ ഫീൽഡ് ലെവൽ ഓഫീസർമാരും കർഷകർക്ക് / കൃഷിക്കൂട്ടത്തിന് സൗകര്യമൊരുക്കേണ്ടതാണ്.

(ഐ).ഇങ്ങനെ വികസിപ്പിച്ച ഫാം പ്ലാനിൽ, കേരള കാർഷിക സർവകലാശാലയുടെ തെളിയിക്കപ്പെട്ട സാങ്കേതിക വിദ്യയിലൂടെ കർഷകർക്ക്/ കൃഷിക്കൂട്ട അംഗക്കൾക്ക് സുസ്ഥിരമായ ഉപജീവനമാർഗം ഉറപ്പുവരുത്തേണ്ടതാണ്.

(ജെ) വരുമാനവും ഉൽപ്പാദന നിലവാരവും ഉയർത്തുന്നതിനുള്ള പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിലവിലുള്ള വിളകൾക്കൊപ്പം ചേർക്കാൻ കഴിയുന്ന ഇതര സംരംഭങ്ങൾ തിരഞ്ഞെടുക്കേണ്ടത്. ദുർലഭമായ കാർഷിക വിഭവങ്ങൾ വിവേകപൂർവ്വം വിനിയോഗിക്കുന്നതിന് ഇതിനാൽ സാധ്യമാകണം. വിവിധ ഇതര സംരംഭങ്ങളുടെ സമഗ്രമായ ഒരു ലിസ്റ്റിൽ നിന്നും കർഷകർക്ക്/ കൃഷിക്കൂട്ട അംഗക്കൾക്ക് അനുയോജ്യമായ ഏറ്റവും മികച്ചത്

തിരഞ്ഞെടുക്കാവുന്നതാണ്.

(കെ)ഫാം പ്ലാൻ തയ്യാറാക്കുമ്പോൾ പരിപൂരകം (കോംപ്ലിമെന്ററി) / അനുബന്ധകം (സപ്ലിമെന്ററി)/ ഉപോദ്ബലകം (സിനർജസ്റ്റിക്) ആയിട്ടുള്ള സംരംഭങ്ങൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതാണ്.

(എൽ) ഒരു ഫാം പ്ലാനിന്റെ കാലാവധി മൂന്ന് /അഞ്ച് വർഷമായിരിക്കും.

(എം).സാമ്പത്തിക സാദ്ധ്യത - കർഷകന്റെ സാമ്പത്തിക വികസനത്തിന് വഴിയൊരുക്കുന്ന നിക്ഷേപത്തിന് ന്യായമായ ആദായം നൽകാൻ നിർദിഷ്ട ഫാം പ്ലാനിന് സാധിക്കണം. Internal Rate of Return (IRR), Net Present Worth (NPW), Benefit Cost Ratio (BCR) എന്നിവ ഉപയോഗിച്ച് അത് തീരുമാനിക്കും."Sustainablility index (സുസ്ഥിരത സൂചിക )"ന്റെ ഒരു ലളിതമായ അളവുകോൽ കൂടി കേരള കാർഷിക സർവകലാശാല തയ്യാറാക്കേണ്ടതാണ്.

(എൻ) . വിവരശേഖരണത്തിന്റെയും ഫാം പ്ലാനിന്റെ റിപ്പോർട്ടിന്റെയും ഫോർമാറ്റ് സംസ്ഥാനത്തുടനീളം ഏകീകൃതമായിരിക്കണം. ഒരു ഡിജിറ്റൽ ഇടപെടൽ വികസിപ്പിക്കുന്നത് വരെ നേരിട്ടുള്ള വിവര ശേഖരണവും റിപ്പോർട്ട് തയ്യാറാക്കലും തുടരേണ്ടതാണ്.

(ഒ).പാട്ട ഭൂമിയിലും ഫാം പ്ലാൻ പദ്ധതി നടപ്പിലാക്കാവുന്നതാണ്, ഭൂമിയുടെ ഉടമയെ ഗുണഭോക്താവായി കണക്കാക്കേണ്ടതാണ്.

(പി) കൃഷിഭവനിലെ കൃഷിക്കൂട്ടങ്ങൾക്കു ഫാം പ്ലാൻ നടപ്പിലാക്കുന്ന പ്ലോട്ടിൽ സേവന പ്രവർത്തനങ്ങളും ഏറ്റെടുക്കാവുന്നതാണ്.

(ക്യൂ).ഫാം പ്ലാൻ തയ്യാറാക്കുന്നതിനുള്ള യൂണിറ്റ് ചെലവുകൾ **അനുബന്ധം IV** ആയി ചേർത്തിരിക്കുന്നു.

**4. മാസ്റ്റർ പരിശീലകരുടെ തിരഞ്ഞെടുപ്പും അവരുടെ ചുമതലകളും**

(എ) . ബ്ലോക്കുകളിലെ എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും BLAKC യുടെ ചുമതലയുള്ള ശാസ്ത്രജ്ഞരും ബ്ലോക്കിലേക്കു നിയോഗിക്കപ്പെട്ടിട്ടുള്ള റിസോഴ്സ് പേഴ്സൺമാരും ഈ പദ്ധതിയുടെ മാസ്റ്റർ ട്രെയിനർമാരായിരിക്കും. ഇതിന് ആവശ്യമായ ഉത്തരവുകൾ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ പുറപ്പെടുവിക്കുകയും ആയതിന്റെ പകർപ്പ് ഈ സർക്കുലർ ലഭിച്ചാലുടൻ തന്നെ ഇ മെയിൽ മുഖേന ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

(ബി) കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥരെ ഫാം പ്ലാനുകൾ തയ്യാറാക്കാനും കരട് ഫാം പ്ലാനുകളുടെ സാധൂകരണം (Validation), FPO പ്രോജക്ടുകൾ തയ്യാറാക്കൽ, ഹബ്ബുകൾ സ്ഥാപിക്കൽ എന്നിവയുടെ സുഗമമായ നടത്തിപ്പിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണവും ആവശ്യമായ പ്രവർത്തനങ്ങൾ മാസ്റ്റർ ട്രൈനർമാർ ചെയ്യേണ്ടതാണ്.

**5. ഫാം പ്ലാനുകളുടെ സ്കൂടം ചെയ്യലും സാധൂകരണവും - H/Ac 2401-00-109-80 (P) *45.6 ലക്ഷം രൂപ (കൃഷി പാഠശാല ഘടകത്തിൽ നിന്ന്)***

(എ) . വികസിപ്പിച്ച കരട് ഫാം പ്ലാനുകൾ ബ്ലോക്ക്തലത്തിൽ B L A K C സംഘടിപ്പിക്കുന്ന ശിൽപശാലയിൽ(workshop) പരിഷ്കരണത്തിനും സാധൂകരണത്തിനുമായി അവതരിപ്പിക്കേണ്ടതാണ്. ഓരോ ബ്ലോക്കിനും ഇതിനായി 30,000/-രൂപ വിനിയോഗിക്കാവുന്നതാണ്. ബ്ലോക്ക്തലത്തിൽ ഡോക്യുമെന്റേഷനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി 10,000/-രൂപ നീക്കിവച്ചിട്ടുണ്ട്. Farm Plan എന്നത് ആസൂത്രണ സമീപനവുമായി ബന്ധപ്പെട്ട അടിസ്ഥാന പ്രമാണം ആയതിനാൽ അതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. ഡോക്യുമെന്റേഷൻ എന്നത് ശിൽപശാലയുടെ (workshop) നടപടികളുടെ വീഡിയോ / ഓഡിയോ റെക്കോർഡിംഗ് മാത്രമല്ല. ഫാം പ്ലാൻ നടപ്പിലാക്കുന്നതുമൂലം കൃഷിയിടത്തിൽ കാലാകാലങ്ങളിൽ സംഭവിച്ച മാറ്റങ്ങളുടെ ഫോട്ടോഗ്രാഫുകളും ഡാറ്റയും സഹിതം ഉൾപ്പെട്ട റിപ്പോർട്ട് ബൈൻഡ് ചെയ്ത് BLAKC യുടെ കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്. ഓരോ

വർഷവും കൂടുതൽ കൂടുതൽ കർഷകരുടെ ഫാം പ്ലാനുകൾ പ്രത്യേക വാല്യങ്ങളായി ഇതിലേക്ക് ചേർക്കേണ്ടതാണ്. എല്ലാ ഫാം പ്ലാനുകളും ഭാവി റഫറൻസിനും മാർഗനിർദേശത്തിനുമായി ഹാർഡ്‌കോപ്പിയായും സോഫ്റ്റ്കോപ്പിയായും സൂക്ഷിക്കേണ്ടതാണ്.

(ബി).അനുവദിച്ചിട്ടുള്ള സാമ്പത്തിക പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ട് ബ്ലോക്ക്തല ശിൽപശാല(workshop)യുടെ ദൈർഘ്യം രണ്ടോ മൂന്നോ ദിവസമായിരിക്കാം. ശിൽപശാല(workshop)യുടെ നടപടിക്രമങ്ങളുടെ വിശദമായ ഫോർമാറ്റ് **അനുബന്ധം V** ആയി ചേർത്തിരിക്കുന്നു.

(സി).ഓരോ കൃഷിഭവനിലെയും തിരഞ്ഞെടുത്ത ഒന്നോ രണ്ടോ കർഷകരുമായോ/കൃഷിക്കൂട്ട പ്രതിനിധികളുമായോ ബ്ലോക്കിലെ എല്ലാ കൃഷി ഓഫീസർമാരും ശിൽപശാലയിൽ പങ്കെടുക്കുകയും അതിൽ കൃഷി ഓഫീസർ ഫാം പ്ലാൻ അവതരിപ്പിക്കുകയും വേണം. കരട് ഫാം പ്ലാനിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യകൾ പരിഷ്കരിക്കുന്നതിനും സാധൂകരിക്കുന്നതിനും, BLAKC യുടെ ചുമതലയുള്ള ശാസ്ത്രജ്ഞനും, കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കും, ബ്ലോക്കിലേക്കു നിയോഗിക്കപ്പെട്ടിട്ടുള്ള റിസോഴ്സ് പേഴ്സൺമാർക്കും ആവശ്യമെങ്കിൽ കാർഷിക സാമ്പത്തിക വിദഗ്ധർ, അനുബന്ധ ഉൽപ്പാദന മേഖലകളിലെ വിദഗ്ധർ തുടങ്ങിയവരുടെ സഹായം തേടാവുന്നതാണ്. കൃഷി ഓഫീസർ/ സീനിയർ കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് ഡയറക്ടർ / ഫാം സൂപ്രണ്ടുമാർ/ കൃഷി ഫീൽഡ് ഓഫീസർമാർ/ ഡിപ്പാർട്ട്മെന്റൽ ഫാമുകളിൽ നിന്നുള്ള കൃഷി ഓഫീസർമാർ തുടങ്ങിയവരെ ആവശ്യമാണെങ്കിൽ വർക്ക്ഷോപ്പുകളിൽ ബാഹ്യ വിദഗ്ധരായി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിയമിക്കാം. കേരള കാർഷിക സർവ്വകലാശാലയുടെ തെളിയിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമായ സാങ്കേതിക വിദ്യകളും മാതൃകകളും മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവൂ.

(ഡി) . വർക്ക്ഷോപ്പുകൾ നടത്തുന്നതിനായി കൃഷി പാഠശാല ഘടകത്തിൽ 2401-00-109-80 (പി) ഹെഡ് ഓഫ് അക്കൗണ്ടിൽ *45.6 ലക്ഷം രൂപനീക്കിവച്ചിട്ടുണ്ട്.*

| **ക്രമ നമ്പർ** | **ഘടകത്തിന്റെ പേര്** | **അനുവദനീയമായ തുക (രൂപ)** |
|---|---|---|
| 1 | ഭക്ഷണ ചെലവുകൾ | 12000.00 |
| 2 | ബാഹ്യ വിദഗ്ധർക്കുള്ള ഓണറേറിയം | 6000.00 |
| 3 | ഫാം പ്ലാൻ തയ്യാറാക്കലും ഡോക്യുമെന്റേഷനും | 10000.00 |
| 4 | മറ്റ് ചെലവുകൾ | 2000.00 |
| | ആകെ | 30000.00 |

(ഡി). BLAKCയിലെ ചുമതലയുള്ള ശാസ്ത്രജ്ഞനും കൃഷി അസിസ്റ്റന്റ് ഡയറക്ടറും സംയുക്തമായി ഒപ്പിട്ട അന്തിമ അംഗീകൃത ഫാം പ്ലാനുകകളുടെ പകർപ്പ് അതത് കൃഷി ഓഫീസർമാർക്ക് കൈമാറേണ്ടതാണ്. മറ്റ് സഹകർഷകർക്ക് ഉൽപാദനത്തിലെ ശാസ്ത്രീയ തത്വങ്ങൾ നിരീക്ഷിക്കാനും പിന്തുടരാനും അതുവഴി സുസ്ഥിരമായ രീതിയിൽ വരുമാനം വർധിപ്പിക്കുന്നതിനുമുള്ള മാതൃകാ പ്ലോട്ടുകളായി മാറ്റുന്നതിനുള്ള പ്രാരംഭ പരിപാടിയായി തിരഞ്ഞെടുത്ത ഈ പത്ത് ഫാമുകൾ പരിപോഷിപ്പിക്കേണ്ടത് BLAKC യുടെ കടമയാണ്.

(ഇ) . അംഗീകൃത ഫാം പ്ലാനിലെ ഏത് മാറ്റവും BLAKC യുടെ അംഗീകാരത്തിന് വിധേയമായി ചെയ്യേണ്ടതാണ്.

**ഉദ്യോഗസ്ഥരുടെ ട്രെയിനിങ്---H/Ac 2401-00-109-80 (P) - 30.4*ലക്ഷം രൂപ (കൃഷി പാഠശാല ഘടകത്തിൽ നിന്ന്)***

കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് രണ്ടു ബാച്ചുകളായി രണ്ടു ദിവസം നീണ്ട് നിൽക്കുന്ന പരിശീലന പരിപാടി ഡയറക്ടറേറ്റ് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ജില്ലാതലത്തിൽ മറ്റെല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യാനുസരണം ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനും ഈ തുക ചെലവഴിക്കാവുന്നതാണ്.

**ഭാഗം 3**

**ഫാം പ്ലാൻ വികസന സമീപനത്തെ അടിസ്ഥാനമാക്കി മാതൃകാ കൃഷിയിടങ്ങൾ സ്ഥാപിക്കൽ. H/A 2401-00-104-67(P) –1200.00 ലക്ഷം രൂപ**

സർക്കുലറിന്റെ ബി ഭാഗത്തിന് കീഴിൽ മൂന്ന് ഘടകങ്ങൾ ഉണ്ട്.

1. Non IFS - ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള ഉൽപ്പാദന പരിപാടിയും മാതൃകാ ഫാമുകളുടെ വികസനവും 2023-24 വർഷത്തേത്. - 9760 എണ്ണം - 878.4 ലക്ഷം രൂപ. 2. തിരഞ്ഞെടുക്കപ്പെട്ട ഫാം പ്ലാനിലെ നിർണായക ഘടകങ്ങൾക്കുള്ള (Critical components) പിന്തുണ - രണ്ടാം വർഷം (2022-23 കാലയളവിൽ രൂപീകരിക്കുകയും കൃഷിക്കൂട്ടങ്ങളായി മാറുകയും ചെയ്തിട്ടുള്ള ഫാമുകൾ) – 71.6ലക്ഷം രൂപ. 3. കർഷകരുടെ/ കൃഷിക്കൂട്ടത്തിന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള മാതൃകാ സംയോജിത ഫാമുകൾ ( IFS) സ്ഥാപിക്കൽ - 1000 എണ്ണം - 250.00ലക്ഷം രൂപ.

**മണ്ണ് പരിശോധനയും സോയിൽ ഹെൽത്ത് കാർഡുകളും**

(എ) തിരഞ്ഞെടുത്ത ഫാമുകളുടെ മണ്ണ് പരിശോധന നടത്തേണ്ടതാണ്. മണ്ണ് സാമ്പിളുകൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ അഗ്രിക്കൾച്ചർ ഡയറക്ടറുടെ 08/07/2022 ലെ സർക്കുലർ ADFW 5226/2022 TF2 ന്റെ നിർദ്ദേശം 1 (ബി) പുറപ്പെടുവിച്ചിട്ടുണ്ട്. മണ്ണ് സാമ്പിൾ വിശകലനത്തിന്റെ ഫലങ്ങൾ കർഷകരുടെ പ്ലോട്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന ഫീൽഡ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഫീൽഡ് ബുക്കിന്റെ ഫോർമാറ്റ് **അനുബന്ധം VI**-ൽ നൽകിയിരിക്കുന്നു.

ബി) . സാധാരണ മണ്ണ് സാമ്പിൾ ശേഖരിക്കുന്നതിനും പരിശോധനക്ക് സമർപ്പിക്കുന്നതിനും ചെയ്യേണ്ട നടപടിക്രമങ്ങൾ ഇവക്കും പാലിക്കേണ്ടതാണ്. പദ്ധതിയുടെ നടത്തിപ്പിനുമായി ലഭിച്ച മണ്ണിന്റെ സാമ്പിളുകൾക്ക് ആവശ്യമായ മുൻഗണന നല്കുന്നുണ്ടെന്ന് ചീഫ് സോയിൽ കെമിസ്റ്റിന് ഉറപ്പുവരുത്തേണ്ടതാണ്. അതത് മണ്ണ് പരിശോധനാ ലബോറട്ടറികളിൽ സാമ്പിളുകൾ ശേഖരിക്കുന്നതിനും സമർപ്പിക്കുന്നതിനും ഡിപ്പാർട്ട്മെന്റിലെ കരാർ ജീവനക്കാരുടെ സേവനവും ഉപയോഗിക്കാവുന്നതാണ്. ഇത് അവരുടെ ചുമതലകളുടെ ഭാഗമായി നിർവഹിക്കുകയും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ചുമതലപ്പെട്ട ഓഫീസർമാർ അവർക്ക് നൽകുകയും ചെയ്യേണ്ടതാണ്.

**നിർണായക ഘടകങ്ങളെ (Critical components) തിരിച്ചറിയുകയും നടപ്പിലാക്കുകയും ചെയ്യുക**

(എ).ATMA, LSGI, MGNREGS, അയ്യങ്കാളി തൊഴിലുറപ്പ്, അനുബന്ധ വകുപ്പുകൾ തുടങ്ങിയ എല്ലാ സംസ്ഥാന, കേന്ദ്ര പദ്ധതികളും സംയോജിപ്പിച്ചാണ് ഫാം പ്ലാൻ പദ്ധതി നടപ്പിലാക്കേണ്ടത്. ഇതിന്റെ ഫോർമാറ്റ് ഈ സർക്കുലറിനൊപ്പം **അനുബന്ധം VII** ആയി ചേർത്തിട്ടുണ്ട്. ഫാം പ്ലാനിലെ ഘടകങ്ങളിൽ മുകളിൽ പറഞ്ഞ സംയോജന തന്ത്രം മുഖേന അഭിസംബോധന ചെയ്യപ്പെടാത്തവയെ 'നിർണ്ണായക ഘടകങ്ങൾ' (Critical components) എന്ന് കണക്കാക്കപ്പെടുന്നു. Farm plan മുഖേനയുള്ള ഉൽപ്പാദന പ്രക്രിയ ആരംഭിക്കുന്നതിനും അല്ലെങ്കിൽ ഫാം പ്ലാൻ സാമ്പത്തികമായി ലാഭകരമാക്കുന്നതിനും അത്യന്താപേക്ഷിതമായ ഇനങ്ങൾ / പ്രവർത്തനങ്ങൾ / ഇടപെടലുകൾ / സാങ്കേതികവിദ്യ എന്നിവയെയാണ് നിർണായക ഘടകങ്ങൾ ( Critical components) എന്ന് വിവരിക്കുന്നത്.

(ബി) . അടിയന്തിരസാഹചര്യം, ഫണ്ട് ലഭ്യത, നടപ്പാക്കാൻ ആവശ്യമായ കാലയളവ് എന്നിവയെ അടിസ്ഥാനമാക്കിയാണ് ഈ നിർണായക ഘടകങ്ങൾക്ക് മുൻഗണന നൽകേണ്ടത്. നിർണായക ഘടകങ്ങൾ വിലയിരുത്തുന്നതിനും മുൻഗണന നൽകുന്നതിനും കൃഷി ഉദ്യോഗസ്ഥർക്ക് BLAKC യുടെയോ മാസ്റ്റർ ട്രെയിനർമാരുടെയോ സഹായം തേടാവുന്നതാണ്. 'നിർണായക ഘടകങ്ങൾ' എന്നാൽ അത് നടപ്പിലാക്കുന്നതിലൂടെ ഗുണഭോക്താവിന് സുസ്ഥിരമായ രീതിയിൽ ഉയർന്ന വരുമാനം നേടാൻ കഴിയുന്നതായിരിക്കണം. ഐ.എഫ്.എസ് പ്ലോട്ടുകളുടെ കാര്യത്തിൽ അത് നടപ്പിലാക്കുന്നതിലേക്കായി ജൈവ പുനചംക്രമണം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

(സി) നിർണ്ണായക ഘടകങ്ങൾക്ക് മുൻഗണന നൽകിക്കഴിഞ്ഞാൽ, ഈ സർക്കുലറിലെ **അനുബന്ധം VIII** പ്രകാരമുള്ള ഒരു ലളിതമായ പ്രൊപോസൽ ബ്ലോക്ക് തലത്തിലുള്ള കൃഷി

അസിസ്റ്റന്റ് ഡയറക്ടർക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിക്കേണ്ടതാണ്. തന്റെ അധികാരപരിധിയിലുള്ള എല്ലാ കൃഷിഭവനുകളുടെയും പ്രൊപ്പോസലുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധിച്ച് ആവർത്തന സ്വഭാവമുള്ളതും പൊതുവായതുമായ നിർണായക ഘടകങ്ങൾ ക്കായി (Critical components) ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾ സംയോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

(ഡി) . നിലവിലുള്ള ഏതെങ്കിലും സ്കീമുകളിലൂടെ മുൻഗണനയുള്ള നിർണായക ഘടകം (Critical components) നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ, ഫാം പ്ലാൻ പദ്ധതി പ്രകാരം ലഭ്യമായ ഫണ്ടിൽ നിന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ അവയ്ക്ക് ആവശ്യമായ തുക അനുവദിക്കേണ്ടതാണ്. കർഷകർക്ക് നേരിട്ട് ക്യാഷ് സബ്സിഡി ഇല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മോഡൽ ഐ.എഫ്.എസ് പ്ലോട്ടുകൾ ഒഴികെ മറ്റ് മാതൃകാ പ്ലോട്ടുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫണ്ടുകൾ തുല്യമായ വിതരണം ചെയ്യാൻ പാടില്ല. എന്നിരുന്നാലും, നിർണായക ഘടകങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ബ്ലോക്ക് തലത്തിൽ യുക്തമായ ഒരു ഫണ്ട് വിഹിതം നൽകേണ്ടതാണ്. ഈ സർക്കുലറിന്റെ അനുബന്ധം IV ആയി എസ്റ്റിമേഷനുകൾക്കുള്ള യൂണിറ്റ് ചെലവ് ചേർത്തിരിക്കുന്നു.

(ഇ) സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ, PACSകൾ, കൃഷിശ്രീ കേന്ദ്രങ്ങൾ (അഗ്രോ-സർവീസ് കേന്ദ്രങ്ങൾ) , കാർഷിക കർമ്മസേനകൾ, പൊതു സ്ഥാപനങ്ങൾ മുതലായവ കർഷകരുടെ പ്ലോട്ടുകളിൽ നടീൽ സാമഗ്രികൾ, ഉൽപ്പാദനോപാധികൾ, വിള പരിപാലന പ്രവർത്തനങ്ങൾ, അനുവദനീയമായ മറ്റ് സേവനങ്ങൾ, എന്നിവ നേരിട്ട് നടപ്പിലാക്കും. ഈ പദ്ധതിയിൽ പങ്കെടുക്കാൻ തയ്യാറുള്ള ഇത്തരം സേവനദാതാക്കളുടെ ലിസ്റ്റ് കൃഷി ഓഫീസർമാർ / കൃഷി ഫീൽഡ് ഓഫീസർമാർ തയ്യാറാക്കുകയും, ഫാം പ്ലാനിന്റെ പരിഷ്കരണത്തിനും സാധൂകരണത്തിനും വേണ്ടിയുള്ള വർക്ക്ഷോപ്പിൽ ഈ ലിസ്റ്റ് അംഗീകാരം ലഭിക്കുന്നതിന് BLAKC യുടെ മുമ്പാകെ സമർപ്പിക്കുകയും വേണം. അവരെ സേവനദാതാക്കൾ' (Service Providers) എന്ന് വിശേഷിപ്പിക്കേണ്ടതാണ്.

**കുറിപ്പ്:** കർഷകർ തമ്മിൽ കൈമാറ്റം ചെയ്യുന്ന പ്രത്യേകിച്ച് മൃഗസംരക്ഷണ ഘടകങ്ങളുടെ കാര്യത്തിൽ, ഘടകം വിൽക്കുന്ന കർഷകനെ ഒരു 'സേവനദാതാവ്' ആയി കണക്കാക്കേണ്ടതാണ്. മൃഗപരിപാലന ഘടകങ്ങൾക്ക് ബന്ധപ്പെട്ട വെറ്ററിനറി സർജൻമാരിൽ നിന്നും കാർഷിക ഘടകങ്ങൾക്ക് ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നും ആവശ്യമായ സാക്ഷ്യപത്രം വാങ്ങുകയും ചെയ്യേണ്ടതാണ്.

(എഫ്) . മാതൃകാ കൃഷിയിടത്തിൽ പ്രോ-ട്രേ തൈകളുടെ ഉത്പാദനം, നടീൽ, പരിപാലനം, ജൈവ കീടനാശിനികളുടെ ഉത്പാദനം, പ്രയോഗം, ബയോ കൺട്രോൾ ഏജന്റുകളുടെ വൻതോതിലുള്ള ഉൽപ്പാദനം, പ്രയോഗം തുടങ്ങിയ അടിസ്ഥാന സേവനങ്ങൾ ഏറ്റെടുക്കുന്നതിന് **സേവന മേഖലയ്ക്ക് കീഴിലുള്ള കൃഷിക്കൂട്ടങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.** അവയുടെ വികസനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ കൃഷിക്കൂട്ടങ്ങളെ കാര്യക്ഷമമാക്കുവാനും കൈപിടിച്ചുയർത്താനും വേണ്ടി ഈ രീതികൾ കൈക്കൊള്ളേണ്ടതാണ്. മറ്റെല്ലാ സേവനങ്ങളും മറ്റ് സേവനദാതാക്കൾ മുഖേന നടപ്പിലാക്കേണ്ടതാണ് .

(ജി) . ഗുണഭോക്തൃ വിഹിതത്തോടുകൂടിയ അനുവദനീയമായ സാമ്പത്തിക സഹായ നിരക്ക് **അനുബന്ധം IX** ആയി ഇതോടൊപ്പം ചേർത്തിരിക്കുന്നു. സേവനദാതാക്കൾ ഏജൻസികൾക്കുള്ള ഫണ്ടുകൾ, ബന്ധപ്പെട്ട കൃഷി ഓഫീസർമാർ / കൃഷി ഫീൽഡ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ സേവനദാതാക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകേണ്ടതാണ്. ഗുണഭോക്താക്കൾക്ക് നേരിട്ട് ക്യാഷ് സബ്സിഡി നൽകുന്നതല്ല. പകരം നിർണ്ണായക ഘടകങ്ങൾ ഗുണഭോക്താവിന്റെ സജീവ പങ്കാളിത്തത്തോടെ സേവന ദാതാക്കളുടെ / ഏജന്റുമാരുടെ സഹായത്തോടെ ഫാമിൽ നടപ്പിലാക്കുകയാണ് വേണ്ടത്.

**1)ഫാം പ്ലാൻ വികസന സമീപനത്തെ അടിസ്ഥാനമാക്കി മാതൃകാ കൃഷിയിടങ്ങൾ സ്ഥാപിക്കൽ -Non IFS - H/A 2401-00-104-67(P) 878.40 ലക്ഷം രൂപ**

2023-24 സാമ്പത്തിക വർഷം ഫാം പ്ലാൻ വികസന സമീപനത്തെ അടിസ്ഥാനമാക്കി 9760

മാതൃകാ Non IFS കൃഷിയിടങ്ങൾ **സ്ഥാപിക്കുന്നതിന്,** തിരഞ്ഞെടുക്കപ്പെട്ട ഫാം പ്ലാനിലെ നിർണായക ഘടകങ്ങൾക്കുള്ള **(Critical components) പിന്തുണ** നൽകുന്നതിനായി 878.4 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്

**2) മാതൃകാ സംയോജിത കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ (2401-00-104-67(P) – 250 ലക്ഷം രൂപ**

തയാറാക്കിയ റാങ്ക് ലിസ്റ്റ് അനുസരിച്ച് മാതൃകാ ഐ. എഫ് .എസ് .പ്ലോട്ട് (കൃഷിഭവന് സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ) അപ്രകാരം തിരഞ്ഞെടുക്കേണ്ടതും മേല്പറഞ്ഞ നിർദ്ദേശങ്ങൾ അനുസരിച്ച് ഫാം പ്ലാനുകൾ തയ്യാറാക്കേണ്ടതുമാണ് . കർഷകരുടെ/ കൃഷിക്കൂട്ടത്തിന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിനു 2023-24 സാമ്പത്തിക വർഷം 1000 മാതൃകാ സംയോജിത ഫാമുകളുടെ ( IFS) നിർണായക ഘടകങ്ങൾക്കുള്ള **(Critical components) പിന്തുണ** നൽകുന്നതിനായി 250.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

(എ) . മാതൃകാ ഐഎഫ്എസ് പ്ലോട്ടുകൾ സ്ഥാപിക്കുന്നതിന്, മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്. നെല്ല് / തെങ്ങ് / പച്ചക്കറി / വാഴ അധിഷ്ഠിത കൃഷി സമ്പ്രദായങ്ങൾ പരിപാലിക്കുകയും മൃഗസംരക്ഷണം / കോഴിവളർത്തൽ / മത്സ്യകൃഷി എന്നിവയിൽ ഏതെങ്കിലും ഒരു ഘടകമെങ്കിലും സംയോജിപ്പിക്കുകയും ചെയ്യുന്ന ഗുണഭോക്താക്കളെ റാങ്ക് പട്ടികയിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്. പയറുവർഗ്ഗങ്ങൾ, ചെറുധ്യാന്യങ്ങൾ (millet), എണ്ണക്കുരുക്കൾ എന്നിങ്ങനെ കുറഞ്ഞത് രണ്ട് പുതിയ വിള സംരംഭങ്ങളെങ്കിലും സംയോജിപ്പിക്കേണ്ടതാണ്.

(ബി).തിരഞ്ഞെടുത്ത കൃഷിയിടത്തിൽ മതിയായ കാർഷിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലെങ്കിൽ, ഉചിതമായ ഇടപെടൽ നടത്തേണ്ടതാണ്.

(സി).നിലവിലുള്ള ഒന്നോ രണ്ടോ സംരംഭങ്ങൾ കൂടുതൽ സാന്ദ്രമാക്കുകയോ അല്ലെങ്കിൽ തേനീച്ച വളർത്തൽ, കൂൺ കൃഷി, കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം മുതലായവ പോലുള്ള ഒരു പുതിയ സംരംഭമെങ്കിലും ഉൾപ്പെടുത്തുകയോചെയ്യേണ്ടതാണ്. ഓരോ മാതൃകാ സംയോജിത കൃഷിത്തോട്ടത്തിന്റെയും ഏറ്റവും കുറഞ്ഞ ആകെ നിർവഹണ ചെലവ് 40,000 രൂപയായിരിക്കണം. ഇത്തരത്തിൽ ഓരോ ഗുണഭോക്താക്കൾക്കും / കൃഷിക്കൂട്ട അംഗത്തിനും 25,000 രൂപ നിരക്കിൽ പണം നേരിട്ട് നൽകാതെ പദ്ധതി നിർവഹണം നടത്താവുന്നതാണ്. ഫാം പ്ലാനിലെ ഒരു കൃഷിക്കൂട്ടത്തിലെ ഓരോ കൃഷിക്കൂട്ട അംഗത്തിനും അനുവദനീയമാകുന്ന രീതിയിലും കൃഷിക്കൂട്ടത്തിലെ പരമാവധി പത്ത് ഗുണഭോക്താക്കൾ എന്ന രീതി അധികരിക്കാതെയും ഇതിനാവശ്യമായ തുക H/A 2401-00-104- 67 (P) എന്ന ശീർഷകത്തിൽ നിന്നും ഉപയോഗിക്കേണ്ടതാണ്. കൃഷിക്കൂട്ടത്തിൽ 10 ൽ അധികം അംഗങ്ങൾ ഉണ്ടെങ്കിലും പരമാവധി അനുവദനീയമായ സഹായം കൃഷിക്കൂട്ടത്തിലെ അംഗങ്ങൾക്കു തുല്യമായി ലഭ്യമാകുന്ന രീതിയിൽ അനുവദിക്കാവുന്നതാണ് . IFS മാതൃകാത്തോട്ടങ്ങളിൽ വിളകളുടെ വികസനത്തോടൊപ്പം സമ്മിശ്ര കൃഷി സംവിധാനങ്ങൾ വേണ്ടത്ര ശക്തിപ്പെടുത്തുകയും ആവശ്യമായ ജൈവ പുനരുപയോഗം പ്രാപ്തമാക്കുകയും ചെയ്യേണ്ടതാണ്.

**3. 2022-23 വർഷം തിരിച്ചറിഞ്ഞതും നടപ്പിലാക്കാത്തതുമായ മുൻഗണനാക്രമത്തിലുള്ള നിർണായക ഘടകങ്ങൾ (critical components) - H/A: 2401-00-104- 67 (P)- 71.6 ലക്ഷം രൂപ)**

(എ). 2022-23 വർഷങ്ങളിൽ കണ്ടെത്തിയതും എന്നാൽ നടപ്പിലാക്കാനാവാത്തതുമായ നിർണായക ഘടകങ്ങളുടെ (critical components) ആവശ്യകത അടിസ്ഥാനമാക്കി പരിഹരിക്കുന്നതിന് പരിമിതമായ ഫണ്ട് 2023-24 കാലയളവിൽ ലഭ്യമാണ്.

(ബി). അപ്രകാരം critical gap തിരിച്ചറിഞ്ഞ മോഡൽ ഫാം പ്ലാനുകൾ വീണ്ടും BLAKC-യിൽ AOs/AFO-കൾ അവതരിപ്പിക്കുകയും അവ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് ആവശ്യമായ ന്യായീകരണം നൽകുകയും ചെയ്യേണ്ടതാണ്. ഈ സർക്കുലറിൽ ചേർത്തിരിക്കുന്ന നടപടിക്രമങ്ങൾ അനുസരിച്ച് BLAKC അനുമതി നൽകേണ്ടതാണ്.

(സി).BLAKC യുടെ മാത്രം വിവേചനാധികാരത്തിൽവരെ ആവശ്യമെന്ന് ബോധ്യപ്പെടുന്നവ കേസുകൾ മാത്രമേ ഇതിൽ പരിഗണിയ്ക്കാവൂ.

**4. ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള മോഡലുകളുടെ വിജ്ഞാനവ്യാപന അപര്യാപ്തത നികത്തൽ (കേരള കാർഷിക സർവകലാശാല മുഖാന്തരം) -H/A 2401-00-109-56 (P)- 100.00 ലക്ഷം രൂപ**

മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലന പരിപാടികൾ - H/Ac 2401-00-109-56 (P). 14. 00 ലക്ഷം രൂപ

(എ).മാസ്റ്റർ ട്രെയിനർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നോഡൽ ഏജൻസി കേരള കാർഷിക സർവ്വകലാശാലയായിരിക്കും. ഇതിനായി മൂന്ന് ദിവസം ദൈർഘ്യമുള്ള രണ്ട് സെറ്റ് റെസിഡൻഷ്യൽ പരിശീലന പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. മാസ്റ്റർ ട്രൈനിർമാർ വഹിക്കേണ്ട ചുമതലകൾക്കനുസൃതമായ വിഷയങ്ങൾ ഉൾപ്പെടുത്തി കൃഷി ഡയറക്ടർ അംഗീകരിച്ച ട്രെയിനിംഗ് മോഡ്യൂളും ഷെഡ്യൂളും തയ്യാറാക്കി ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാരെ അറിയിക്കേണ്ടതാണ്. ഈ പരിശീലനങ്ങളിൽ മാസ്റ്റർ ട്രെയിനർമാരുടെ സജീവ പങ്കാളിത്തം പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

(ബി). കൃഷിയുടെ നിലവിലെ സ്ഥിതി പരിഗണിച്ച് ഫലപ്രദമായ കാർഷിക ആസൂത്രണം, Critical gap നിർണയിച്ച് ആവശ്യമായ ഇടപെടലുകൾ തിരിച്ചറിയുന്നതിനുള്ള വൈദഗ്ദ്ധ്യം, വിവിധ കാർഷിക പദ്ധതികൾ സംയോജിപ്പിക്കൽ, കൃഷിക്കൂട്ടങ്ങളുമായി ബന്ധപ്പെട്ട എഫ്ഐജി രൂപീകരണം, ഗ്രൂപ്പ് ഡൈനാമിക്സ് കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ വൈദഗ്ദ്ധ്യം, ഫാം പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള മതിയായ പ്രായോഗിക സെഷനുകൾ എന്നിവ ആയിരിക്കും ആദ്യ പരിശീലന പരിപാടികളിൽ വിഷയമാക്കേണ്ടവ.

(സി) . രണ്ടാമത്തെ സെറ്റ് പരിശീലനങ്ങൾ FPOകളുടെ ഫലപ്രദമായ മാനേജ്മെന്റിലും ഹാൻഡ് ഹോൾഡിംഗിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കും. വിവിധ സേവന മേഖലകൾ, നിയമപരമായ ഇടപെടലുകൾ, പുതിയതും ആധുനികവുമായ ചെലവ് കുറഞ്ഞ പ്രോസസ്സിംഗ് സാങ്കേതികവിദ്യ തയ്യാറാക്കൽ, അത്യാധുനിക പാക്കേജിംഗ് സാങ്കേതികവിദ്യ, മാർക്കറ്റിംഗ്, ബ്രാൻഡിംഗ്, ഡിപിആർ തയ്യാറാക്കൽ , ഉൽപ്പന്ന വികസനവുമായി ബന്ധപ്പെട്ട നിയമ ഇടപെടൽ, FSSAI രെജിസ്ട്രേഷൻ പോലുള്ള മാനദണ്ഡങ്ങൾ പാലിച്ചുള്ള നിർമ്മാണം, മാർക്കറ്റിംഗ് എന്നിവ ഉൾപ്പെടുന്നു.

(ഡി).തെരഞ്ഞെടുക്കപ്പെട്ട മാസ്റ്റർ ട്രെയിനർമാർ, ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ എന്നിവർക്ക് അനുയോജ്യമായദേശീയ അന്തർദേശീയ പരിശീലന പരിപാടികൾ കാർഷിക സർവകലാശാല തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ് .

(ഇ). പരിശീലനത്തിന്റെ മൊഡ്യൂൾ, ഉള്ളടക്കം, പരിശീലന ഷെഡ്യൂൾ എന്നിവ കൃഷി ഡയറക്ടറുമായി കൂടിയാലോചിച്ച് നിശ്ചയിക്കുകയും ആവശ്യമായ അനുമതികൾ കേരള കാർഷിക സർവകലാശാല ലഭ്യമാക്കുകയും വേണം. FPOകളുമായും FIGകളുമായും ബന്ധപ്പെട്ടവിഷയങ്ങളില് SFACയുമായി സഹകരിച്ച് വേണ്ട നടപടികൾ കേരള കാർഷിക സർവകലാശാല സ്വീകരിക്കേണ്ടതാണ്.

(എഫ്) . സർക്കുലറിലെ സൂചന 1 പ്രകാരമുള്ള Development of Production Organization & Technology Support'.എന്ന ഘടകത്തിന് കീഴിലുള്ള H/A 2401- 00-109-56 (P) ലെ 14.00 ലക്ഷം രൂപ , കേരള കാർഷിക സർവകലാശാലയുടെ പ്രൊപോസൽ കൃഷി ഡയറക്ടർ അംഗീകരിക്കുന്നമുറയ്ക്ക് കേരള കാർഷിക സർവകലാശാലയ്ക്ക് ഫണ്ട് അനുവദിക്കുന്നതായിരിക്കും.

(1) ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന സമീപനത്തിൽകേരള കാർഷിക സർവകലാശാല സ്വീകരിച്ചിട്ടുള്ള ഏറ്റവും പുതിയതും തെളിയിക്കപ്പെട്ടതുമായ സാങ്കേതികവിദ്യകൾകർഷകരിൽ എത്തിക്കേണ്ടതാണ്. ഇതിനായി 2023-24 സാമ്പത്തിക വർഷത്തിൽ ഒരു ബ്ലോക്കിൽ ഒരു സാങ്കേതികവിദ്യയുടെ മുൻനിര പ്രദർശനങ്ങളും (FLDs) കൃഷിയിട പരിശോധനകളും (OFT) കേരള കാർഷിക സർവകലാശാല നടത്തേണ്ടതാണ്. ഉയർന്ന വിളവ് നൽകുന്ന / മികച്ച വിള ഇനങ്ങളുടെ നടീൽ വസ്തുക്കൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഉപാധിയായുംഇതിനെ കണക്കാക്കാവുന്നതാണ്. മുൻനിര പ്രദർശനങ്ങൾക്കും (FLD) കൃഷിയിട പരിശോധനകൾക്കുമുള്ള (OFT) Action Plan-നിന് അന്തിമരൂപം നൽകുന്നതിന് BLAKC ആവശ്യമായ സഹായവും നൽകേണ്ടതാണ്.

(2). മുൻനിര പ്രദർശനങ്ങൾക്കും (FLD) കൃഷിയിട പരിശോധനകൾക്കും (OFT) പുറമെ, ഫാം പ്ലാൻ

അടിസ്ഥാനമാക്കിയുള്ള ഉൽപ്പാദന മാതൃകകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് ആവശ്യമായി കർഷകരുടെയും ശാസ്ത്രജ്ഞരുടെയും കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെയും ഒരു 'മുഖാമുഖം' (Interface) കേരള കാർഷിക സർവകലാശാലനടനടത്തേണ്ടതാണ്. ഇവ കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള6 RARS കളിൽ ആയിരിക്കും നടത്തപ്പെടുന്നത്.

(3) മുൻനിര പ്രദർശനങ്ങൾ (FLD), കൃഷിയിട പരിശോധനകൾ (OFT), മുഖാമുഖം (Interface), Master trainees training എന്നിവ നടത്തുന്നതിന് ആവശ്യമായ ചെലവ് ഉൾപ്പെടെ 2401-00-109-56 (P)- ശീർഷകത്തിൽ നിന്നും കേരള അഗ്രികൾച്ചറൽ സർവ്വകലാശാലയ്ക്കായി 100.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഭാഗം 4

## കാർഷിക ഉൽപ്പാദന സംഘടനകളുടെ വികസനവും സാങ്കേതിക പിന്തുണയും

2022-23 കാലയളവിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി, മൊത്തം 100 FPOകൾ ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം രൂപീകരിച്ചിട്ടുള്ള 100 FPOകളെ ഈ സാമ്പത്തിക വർഷം(2023-24) കൂടുതൽ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. ഇതിലൂടെ കർഷകരുടെ വിഭവശേഷി വർദ്ധിപ്പിച്ച് ഉയർന്നുവരുന്ന അവസരങ്ങൾ അവർക്ക് പരമാവധി പ്രയോജനപ്പെടുപ്പെടുത്തുവാൻ സാധിക്കുന്നതായിരിക്കും.

ഫാം പ്ലാൻ വികസന സമീപനത്തിന്റെ ഫലമായി വികസിപ്പിച്ച മാതൃകാ ഫാമുകളിലെ കർഷകരെയും സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി കൃഷിക്കൂട്ടം പോലുള്ള FIGകളുടെ സഹായത്തോടെയും രൂപീകരിച്ച എഫ്.പി.ഒ കളെ വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾചുവടെ ചേർക്കുന്നു.

**1. നിലവിലുള്ള കൃഷിക്കൂട്ടങ്ങൾ അടിസ്ഥാനമാക്കി രൂപീകരിച്ചിട്ടുള്ള FPOകളെ ശക്തിപ്പെടുത്തലും പിന്തുണയ്ക്കലും.**

(എ) ഫാം പ്ലാൻ വികസന സമീപനത്തിന്റെ ഫലമായി ഇതുവരെ മൊത്തം 100 FPOകൾ ഫാം പ്ലാൻ അധിഷ്ഠിത കൃഷിക്കൂട്ടങ്ങൾ ചേർത്ത് ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്.ഇതിന് 4 (2022-23 ഓർഡർ) റഫറൻസ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

. സമീപഭാവിയിൽ ഫാംപ്ലാനു കീഴിൽ കൊണ്ടുവരാൻ കഴിയുന്ന ഏതെങ്കിലും പ്രബലമായ കൃഷിക്കൂട്ടങ്ങൾ ഉൽപ്പാദന മേഖലയിൽ നിലവിലുണ്ടെങ്കിൽ, അവയെയും FPOകളുടെ കീഴിലാക്കാം. FPO-കളുടെ ജനറൽ ബോഡി മീറ്റിംഗ് നടത്തി രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളെ അവയുടെ ഭാഗമാക്കണം.

(സി) . ഉൽപ്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്ക് പുറമെ, മൂല്യവർദ്ധന മേഖലയിൽ വളരെ സജീവമായിപ്രവർത്തിക്കുന്ന ഒരു കൃഷിക്കൂട്ടത്തെ കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ഇതിൽ സർക്കാരിന്റെ മൂന്നാം 100 ദിന പരിപാടിയുടെ ഭാഗമായി ആരംഭിച്ച 1000 മൂല്യവർദ്ധന യൂണിറ്റുകൾക്ക് മുൻഗണന നൽകേണ്ടതാണ്. മൂന്നാം 100 ദിന പരിപാടിയുടെ ഭാഗമായി 200 യന്ത്രവത്കൃത കൃഷിക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള അനുയോജ്യമായ 100 FPOകളിലേക്ക് അവ സംയോജിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം FPOകളെ വിപുലീകരിക്കേണ്ടതാണ്. ഈ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനായി FPOകളുടെ ജനറൽ ബോഡി മീറ്റിംഗ് 2022-23 കാലയളവിൽ FPOകൾ രൂപീകരിച്ച എല്ലാ എഡിഎമാരും കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസർമാരുടെ സഹായത്തോടെ നടത്തേണ്ടതാണ്.

(ഡി)ഓരോ FPOകൾക്കും അവർ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെ വിശദമായ പ്രോജക്ട് ഉണ്ടായിരിക്കണം. 2022-23 കാലയളവിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന നിർദ്ദേശങ്ങൾക്കൊപ്പം ഇക്കാര്യത്തിൽ കൃത്യമായ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. സുസ്ഥിരതയും,

സാമ്പത്തിക സാദ്ധ്യതയും, ലാഭക്ഷമതയും കണക്കിലെടുത്തായിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. ബ്ലോക്ക് തലത്തിൽ സംഘടിപ്പിക്കുന്ന ഡിപിആർ ക്ലിനിക്കുകളിൽ ഈ പ്രോജക്ടുകൾ പരിശോധിക്കേണ്ടതാണ്, അതിനായിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**2. ബ്ലോക്ക്തല ഡിപിആർ ക്ലിനിക്കുകൾ (ഒരു ഡിപിആർ ക്ലിനിക്കിന് പരമാവധി 50,000 രൂപ എന്ന നിരക്കിൽ) 2435-01-800-94(P) -50.00 ലക്ഷം രൂപ**

(എ). FPOകൾ നിലവിലുള്ള ബ്ലോക്കുകളിലെ ADAമാർമൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം, അവർ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ, ഭാവിയിലെ ഉൽപ്പന്ന വികസന തന്ത്രങ്ങൾ എന്നിവയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഒരു ബ്ലോക്ക്തല ഡിപിആർ ക്ലിനിക് നടത്തേണ്ടതാണ്.

(ബി) FPOകൾ നിലവിലുള്ള ബ്ലോക്കിൽ ഒരു ഡിപിആർ ക്ലിനിക്ക് എന്ന തോതിൽ മൊത്തം 100 ഡിപിആർ ക്ലിനിക്കുകൾ നടത്താവുന്നതാണ്. ഒരു ഡിപിആർ ക്ലിനിക്കിന് പരമാവധി 50,000 രൂപ എന്ന നിരക്കിൽ ചെലവാക്കാവുന്നതാണ്. പ്രോസസ്സിംഗ് ടെക്നോളജി, യന്ത്രവൽക്കരണം, ബാങ്കിംഗ്, പ്രൊഡക്ഷൻ, ഇൻഡസ്ട്രി മാനേജ്മെന്റ് തുടങ്ങിയ മേഖലകളിലെ വിദഗ്ധരെക്ഷണിച്ച് ഡിപിആർ തയ്യാറാക്കേണ്ടതാണ്. പുതുതായിരൂപീകരിച്ച 100 FPOകൾക്കുടാതെ വെഞ്ചർ ക്യാപിറ്റൽ ഫണ്ടിന് അർഹരായ കൃഷിക്കൂട്ടങ്ങൾ, മറ്റ് FPOകൾ, കർഷക ഗ്രൂപ്പുകൾ തുടങ്ങിയവയ്ക്ക് DPR ക്ലിനിക്കുകളുടെ ഗുണഭോക്താക്കളാകാം.

(സി). ഡിപിആർ ക്ലിനിക്കിന്റെ സേവനം ഗുണഭോക്താക്കൾക്ക് സൗജന്യമായിട്ടായിരിക്കും നൽകുക.

(ഡി).ഒരു DPR ക്ലിനിക്കിനായി അനുവദിച്ചിട്ടുള്ള 50000 രൂപയിൽ ഹാൾ വാടക, ഓഡിയോ വിഷൽസൗകര്യങ്ങൾ, സ്റ്റേഷനറികൾ, ഭക്ഷണം, ഡിപിആർ തയ്യാറാക്കുന്ന വിദഗ്ധർക്കുള്ള ഓണറേറിയം തുടങ്ങിയവയ്ക്കായി ഉപയോഗിക്കാം. ഈ തുക ഹെഡ് ഓഫ് അക്കൗണ്ടിന് കീഴിലുള്ള Post Harvest Management Technology സ്കീമിൽ നിന്നും ഉപയോഗിയ്ക്കാവുന്നതാണ്.

**3. FPO കൾക്കുള്ള പിന്തുണ സഹായം (Handlholding of FPOs)**

(എ).ഘട്ടം ഘട്ടമായി വ്യവസായ മാനദണ്ഡങ്ങൾ പാലിക്കാനായി ഘട്ടംഘട്ടമായി FPOകളെ ശാക്തീകരിക്കേണ്ടതാണ്. ബ്രാൻഡിംഗ്, പരസ്യം ചെയ്യൽ, വ്യാപാരമുദ്രകൾ(trademark) നേടൽ, സേഫ് ടു ഈറ്റ്, പിജിഎസ്, എഫ്എസ്എസ്എഐ, അഗ്മാർക്ക്, പാക്കേജിംഗ് സർട്ടിഫിക്കേഷനുകൾ മറ്റ് ആവശ്യമായ സർട്ടിഫിക്കേഷനുകൾ എന്നിവയിൽ അവർക്ക് വേണ്ട സഹായങ്ങൾ നൽകണം. നിലവിൽ ഫാം പ്ലാൻ അധിഷ്ഠിതമായി സ്ഥാപിതമായ FPOകൾക്ക് ഒരു FPOക്ക് 5.00 ലക്ഷം രൂപതാഴെ പറയുന്ന രീതിയിൽ ചെലവാക്കാവുന്നതാണ്.

(ബി). **ഉല്പന്ന വികസനം, സമാഹരണം, വിപണന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഓരോ FPOക്കും 2.50 ലക്ഷം രൂപ** പ്രോജക്റ്റ് മോഡിൽ ചെലവാക്കാവുന്നതാണ്.

(സി) . ഇതുകൂടാതെ **ഗോഡൗൺ, മാർക്കറ്റ് ഔട്ട്ലെറ്റുകൾ, മൊബൈൽ മാർക്കറ്റുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് ഇവയിലേതെങ്കിലും ഒന്നിനു മാത്രമോ സംയോജിപ്പിച്ചോ ഒരു പ്രോജക്റ്റ് മോഡിൽ വീണ്ടും 2.50 ലക്ഷം** രൂപ വിനിയോഗിക്കാം. ഈ ആവശ്യങ്ങൾക്കായി സ്ഥിരമായി സറണ്ടർ ചെയ്തതോ / തദ്ദേശസ്വയംഭരണ സ്ഥാപന ഉടമസ്ഥതയിലുള്ളതോ / സർക്കാർ ഉടമസ്ഥതയിലുള്ളതോ / FPO കളുടെ പേരിൽ കുറഞ്ഞത് 10 വർഷത്തേക്ക് പാട്ടത്തിനെടുത്തതോ ആയ വസ്തുവകകളിൽ ഈ അടിസ്ഥാന സൗകര്യങ്ങൾ സ്ഥിരമായി സ്ഥാപിക്കാവുന്നതാണ്. പാട്ടത്തുകയ്ക്ക് നൽകാവുന്ന ആനുകൂല്യം കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പാട്ടത്തിനെടുത്ത കെട്ടിടങ്ങളിലോ അതിന്റെ പരിസരങ്ങളിലോ ഈ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കാവുന്നതാണ്.

(ഡി) . മുകളിൽ വിവരിച്ച പ്രകാരം ഈ പ്രവർത്തനങ്ങളും ഡിപിആർ ക്ലിനിക്കുകളുടെ പരിധിയിൽ കൊണ്ടുവരുകയും തുക ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

(ഇ) . ഇതുകൂടാതെ, Post Harvest Schemeലെ സാമ്പത്തിക സഹായവും ലഭ്യമാക്കാവുന്നതാണ്. സംസ്കരണത്തിനു ആവശ്യമുള്ള നിർദ്ദിഷ്ട യന്ത്രസാമഗ്രികൾക്കായി SMAM-ന് കീഴിൽ സഹായം ലഭിക്കുന്നതിന് ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ FPO-കളെ രജിസ്റ്റർ ചെയ്യാൻ വേണ്ട സൗകര്യമൊരുക്കേണ്ടതാണ്. ഇതിനായി **2435-01-800-94(P) H/Aലെ 150.00 ലക്ഷം** രൂപ അനുവദിച്ചിട്ടുണ്ട്. അതായത്, ചെറുകിട യന്ത്രസാമഗ്രികൾ ലഭ്യമാക്കുന്നതിന് SMAM-ൽ നിന്നും ഒരു FPOക്ക് 8.00 ലക്ഷം രൂപ സാമ്പത്തിക സഹായം ലഭ്യമാണ്.കൂടാതെ സംസ്ഥാനത്തിന്റെ Post Harvest Management& Technologyപദ്ധതിക്ക് കീഴിൽ **അധിക സഹായമായി Rs. 1.50 ലക്ഷം രൂപയും** നൽകാവുന്നതാണ്. ചുരുക്കത്തിൽ, അവരുടെ ഗുണഭോക്തൃ വിഹിതമായി 50,000രൂപചിലവാക്കുന്നതിലൂടെ ഒരു FPOയ്ക്ക് 10.00 ലക്ഷം രൂപ വിലയുള്ള ചെറുകിട യന്ത്രസാമഗ്രികൾ ലഭിക്കുന്നതാണ.ഡിപിആർ ക്ലിനിക്കിലൂടെ തയ്യാറാക്കിയ ഒരു സാമ്പത്തിക ക്ഷമതയുള്ള ഡിപിആർ ഇതിനു നിർബന്ധമാണ്.

(എഫ്).Post Harvest Management& Technology പദ്ധതി പ്രകാരംമീഡിയം ഒരു FPOയ്ക്ക് 25.00 ലക്ഷം രൂപ വിലയുള്ള പ്രോസസ്സിംഗ് മെഷിനറികൾ ലഭ്യമാക്കുന്നതിനു 15 FPOകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതാണ്. ഇതിനായി SMAM-ൽ നിന്ന് 10.00 ലക്ഷം രൂപയും, സംസ്ഥാന സർക്കാരിന്റെ Post Harvest Managementലൂടെ 10.00 ലക്ഷം രൂപയും ലഭിക്കും. 5.00 ലക്ഷം രൂപ FPO ചെലവാക്കുന്നതിലൂടെ 25.00 ലക്ഷം രൂപ വിലയുള്ള medium processin g മെഷിനറികൾ ലഭിക്കുന്നതാണ്. ഇതിനും സാമ്പത്തിക ക്ഷമതയുള്ള ഒരു DPR നിർബന്ധമാണ്.

(ജി).2022-23 കാലയളവിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ചെയർമാനായും പ്രോജക്ട് ഡയറക്ടർ (ATMA) കോ ചെയർമാനായും ജില്ലാതല അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (മാർക്കറ്റിങ്) കൺവീനറായും ,ഡെപ്യൂട്ടി ഡയറക്ടർ (ഇ &ടി), ഡെപ്യൂട്ടി ഡയറക്ടർ (എച്ച്), ലീഡ് ബാങ്ക് മാനേജർ, കാർഷിക സർവ്വകലാശാലയിലെ ജില്ലയുടെ ചുമതലയുള്ള ശാസ്ത്രജ്ഞൻ എന്നിവർ അംഗങ്ങളായും രൂപീകരിച്ച ജില്ലാതല പദ്ധതി വിലയിരുത്തൽ സമിതിതന്നെ ഈ വർഷവും തുടരേണ്ടതാണ്. പ്രോജക്ടുകൾ വിലയിരുത്തുകയും മാറ്റങ്ങൾ / വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ഈ ജില്ലാ കമ്മിറ്റിയിൽ അംഗീകരിക്കാവുന്നതാണ്. ബ്ലോക്കുകളിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ ആയിരിക്കും നിർവ്വഹണ ഉദ്യോഗസ്ഥർ. ഇതിൽ പരിശീലനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് ജില്ലാ കമ്മിറ്റികൾ ഉറപ്പാക്കണം.

(എച്ച്).സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടർ ചെയർപേഴ്സണായും, ജോയിന്റ് ഡയറക്ടർ(എഫ്ഐജി) കൺവീനറായും, അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ), അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) , അസിസ്റ്റന്റ് ഡയറക്ടർ (ATMA), അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്) എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രോജക്ടുകൾ വിലയിരുത്തി പ്രോജക്ടുകൾക്ക് ആവശ്യമായ അനുമതി നൽകേണ്ടതാണ്.

## <u>4. FPC-കളിലേക്ക് FPO-കളുടെ വിപുലീകരണം</u>

(എ). 2023-24 കാലയളവിൽ തന്നെ സ്ഥാപിച്ച Farmer Producer Organisation (FPO) ഈ സാമ്പത്തിക വർഷത്തിൽ Farmer Producing Company(FPC)- കളാക്കി രജിസ്റ്റർ ചെയ്യുന്നതിനായി FPOകളിലെ മൊത്തം അംഗങ്ങളുടെ എണ്ണം കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം 500 ആക്കേണ്ടതാണ്. ഫാം പ്ലാൻ പദ്ധതിയുടെ റാങ്കിംഗ് പട്ടികയിൽ waiting ലിസ്റ്റിൽ ഉൾപ്പെട്ട കർഷകരെയും ഉൽപാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളിലെ കർഷകരെയും കൃഷി ഓഫീസർമാർ / കൃഷി ഫീൽഡ് ഓഫീസർമാർ FPO-യിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതിന്റെ നിരീക്ഷണ ചുമതല ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർവ്വഹിക്കേണ്ടതാണ്. 10,000 FPO പ്രോഗ്രാം പ്രകാരം, കേന്ദ്ര സർക്കാരിൽനിന്നുള്ള ഷെയറുകളുടെയും ഗ്രാന്റുകളുടെയും സമാഹരണം സുഗമമാക്കുന്നതിന്Farmer Producing Company (FPC) രജിസ്ട്രേഷന് ആവശ്യമായ പിന്തുണ SFAC - കേരളം നൽകേണ്ടതാണ്.

## <u>5. ഉൽപ്പന്ന സ്റ്റാൻഡേർഡൈസേഷനുമായിബന്ധപ്പെട്ട പാക്കേജിംഗ്, ലേബലിംഗ് മുതലായവയ്ക്കുള്ള പരിശീലനവും ശേഷി വർദ്ധിപ്പിക്കലും</u>

(എ). 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ‘Post Harvest Management &

Technology' സ്കീംപ്രകാരംപാക്കേജിംഗ്, ലേബലിംഗ്, സ്റ്റാൻഡേർഡൈസേഷൻ എന്നിവയ്ക്കായി സാങ്കേതിക വിദ്യ കൈമാറ്റം, handholding എന്നിവയുമായി ബന്ധപ്പെട്ട അനുയോജ്യമായ പരിശീലന പരിപാടികൾ SAMETI നടത്തേണ്ടതാണ്. എഫ്.പി.ഒ കൾ, കൃഷിക്കൂട്ടങ്ങൾ, എന്നിങ്ങനെ എല്ലാ വിഭാഗം ഗുണഭോക്താക്കളും ഈ പരിശീലനത്തിൽ ഉൾപ്പെടുന്നുണ്ടെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ഉറപ്പ് വരുത്തണം.

(ബി) . ഭരണനിർവ്വഹണം, , മാനേജ്മെന്റ്, ബുക്ക് കീപ്പിംഗ്, സാങ്കേതിക വിദ്യ ആർജിക്കൽ ഉല്പന്ന വികസനം, മറ്റ് ആവശ്യമായ വ്യത്യസ്തപരിശീലനങ്ങളിലൂടെ FPOകളെ ശക്തിപ്പെടുത്തേണ്ടതാണ്. 2023-24 കാലഘട്ടത്തിലും ഈ FPOകൾക്കുള്ള പരിശീലന പരിപാടികൾ മാനേജിങ് ഡയറക്ടർ, SFAC ആസൂത്രണം ചെയ്യേണ്ടതാണ്. ഈ FPOകളെ FPCകളായി വിപുലീകരിച്ച് ശാക്തീകരിക്കുകയും അവരുടെ ഉൽപ്പന്നങ്ങൾ 'കേരളാഗ്രോ'ബ്രാൻഡ് എന്ന് വിപണനം ചെയ്യുകയുമാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാട്.

## <u>ഭാഗം 5</u>

## <u>കൃഷിക്കൂട്ടങ്ങളുടെ വെൻചർ ക്യാപിറ്റൽ ഫണ്ട്</u>

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ കാർഷിക മേഖലയിൽ നിന്നുള്ള വരുമാന വർദ്ധനവിനും സർക്കാർ ലക്ഷ്യമിടുന്നു. "**മൂല്യവർദ്ധിത കാർഷിക മിഷൻ**" ആരംഭം കുറിക്കുകയും മൂല്യ വർദ്ധിത കൃഷിയിലൂടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തി തുടങ്ങുകയും ചെയ്തു കഴിഞ്ഞു . കാർഷിക മേഖലയിലെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ സഹായിക്കുവാനും ആവശ്യമായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുവാനും വിപണി കണ്ടെത്തി നൽകുവാനും **കേരള അഗ്രോ ബിസിനസ്സ് കമ്പനി**യും രൂപീകൃതമായി കഴിഞ്ഞു.

മൂല്യ വർദ്ധിത കൃഷി കേരളത്തിൽ സജീവമാക്കി കർഷക വരുമാനം വർദ്ധിപ്പിക്കുവാൻ ഘട്ടം ഘട്ടമായാണ് നടപടികൾ കൈ കൊള്ളുന്നത്. ആദ്യ ഘട്ടത്തിൽ 1000 മൂല്യവർദ്ധിത കൃഷിക്കൂട്ടങ്ങളും 6000 മുതൽ 7000 ഉല്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളും 200 സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളും സംസ്ഥാനത്ത് തയ്യാറായി കഴിഞ്ഞു. ഓരോ കൃഷിഭവനു കീഴിലും രജിസ്റ്റർ ചെയ്തിരിക്കുന്ന മൂല്യവർദ്ധിത കൃഷിക്കൂട്ടത്തിനേയും മൂല്യ വർദ്ധിത കൃഷിക്കായി ഉൽപ്പാദന മേഖലയിൽ കണ്ടെത്തിയിരിക്കുന്ന 6 മുതൽ 1 0 വരെ കൃഷിക്കൂട്ടങ്ങളെയും പ്രവർത്തനപരമായി സംയോജിപ്പിക്കുന്നതാണ് ആദ്യ ഘട്ടം. സംയോജിപ്പിച്ച മൂല്യവർദ്ധിത/ഉല്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്ക് ബ്ലോക്ക് അടിസ്ഥാനത്തിൽ സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ സേവനം നൽകുക എന്നതാണ് രണ്ടാം ഘട്ടം. മൂല്യവർദ്ധിത കൃഷിക്കൂട്ടങ്ങളെ അടിസ്ഥാനമാക്കി ചിട്ടപ്പെടുത്തുന്ന ഈ ഘടനയിൽ കാർഷിക പാരിസ്ഥിക മേഖലയുടെ അടിസ്ഥാനത്തിലുള്ള വിള, കൃഷി രീതി, സംഭരണ വിപണന സംവിധാനം എന്നിവ തയ്യാർ ചെയ്യേണ്ടതുണ്ട്. ഇതിനായി ഇതിനകം തയ്യാറാക്കിയിട്ടുള്ള ബ്ലോക്കുതല/പഞ്ചായത്തുതല വിള നിർണയ ഉൽപാദന പ്ലാനിനെ ആശ്രയിക്കാവുന്നതാണ്.

സേവനമേഖലയിൽ തയ്യാർ ചെയ്തിരിക്കുന്ന 200 കൃഷിക്കൂട്ടങ്ങൾക്കും (1ബ്ലോക്കിൽ കുറഞ്ഞത് 1 എന്ന ക്രമത്തിൽ) ആവശ്യമായ യന്ത്രോപകരണങ്ങൾ, പ്രവർത്തന ഉപാധികൾ SMAM പദ്ധതി വഴിയോ മറ്റു മാർഗ്ഗേണയോ ഒരുക്കി കൊടുത്തിട്ടുണ്ട് എന്നും ഇവയെ ബ്ലോക്കു പരിധിയിലുള്ള മൂല്യവർദ്ധിത കൃഷിക്കൂട്ടവുമായും ഉല്പാദന കൃഷിക്കൂട്ടവുമായും ഫലപ്രദമായി സംയോജിപ്പിച്ചിട്ടുണ്ട് എന്നും ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്. മൂല്യവർദ്ധിത മേഖലയിലെ 1000 കൃഷിക്കൂട്ടങ്ങൾക്കും സേവന മേഖലയിലെ 200 കൃഷിക്കൂട്ടങ്ങൾക്കും വെഞ്ചർ ക്യാപിറ്റൽ ഫണ്ടായി 50,000/- രൂപ പ്രൊജക്ട് അടിസ്ഥാനത്തിൽ നൽകുവാൻ FPO കളുടെ ശാക്തീകരണത്തിനായി ബ്ലോക്കടിസ്ഥാനത്തിൽ നടത്തപ്പെടുന്ന പ്രൊജക്ട് ക്ലിനിക്കിൽ നടപടി സ്വീകരിക്കേണ്ടതും ഈ കൃഷിക്കൂട്ടങ്ങളിൽ നിന്ന് പ്രോജക്ട് ലഭ്യമാക്കി മേൽ തുക നൽകേണ്ടതുമാണ്.

മൂല്യവർദ്ധിത കൃഷി ആധാരമാക്കിയ കൃഷിയിൽ മൂല്യവർദ്ധിത കൃഷിക്കൂട്ടം പ്രവർത്തന നേതൃത്വം നൽകേണ്ടതും സംയോജിപ്പിച്ചിട്ടുള്ള ഉല്പാദന/സേവന കൃഷിക്കൂട്ടങ്ങളെ പഞ്ചായത്ത്/ബ്ലോക്കിൽ സാധ്യതയുള്ള വിളകൾക്കനുസൃതമായ കൃഷിയിലേയ്ക്ക് കൊണ്ടുവരേണ്ടതുമാണ്. മൂല്യവർദ്ധിത കൃഷിക്കൂട്ടങ്ങൾ മുൻകൂട്ടി തന്നെ പ്രദേശത്തെ മൂല്യവർദ്ധിത കൃഷിയുടെ സാധ്യത കൃഷി ഓഫീസർ/കൃഷി

അസിസ്റ്റന്റ് ഡയറക്ടർ യുടെ സഹായത്തോടെ കണ്ടെത്തി ആ ഉൽപാദനത്തിന് സഹായകരമാകുന്ന വിള പ്രോട്ടോകോൾ പ്രകാരം കൃഷി ചെയ്യുവാൻ ഉല്പാദന കൃഷിക്കൂട്ടങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതും ഉല്പാദിപ്പിക്കുന്ന വിളയുടെ സംഭരണ അളവ്/വില/കാലയളവ് എന്നിവ ഉൾപ്പെട്ട ഉടമ്പടിയിൽ ഉൽപാദന കൃഷിക്കൂട്ടങ്ങളുമായി ഏർപ്പെടേണ്ടതുമാണ്.

ഉൽപാദന കൃഷിക്കൂട്ടങ്ങൾക്ക് ഉടമ്പടി പ്രകാരമുള്ള ലക്ഷ്യം കൈവരിക്കുവാൻ ആവശ്യമായ ഇൻപുട്ട് യന്ത്രസഹായം, ഹാർവെസ്റ്റ്, സംഭരണ സഹായങ്ങൾ നൽകുവാൻ സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളുമായി ഉൽപ്പാദന മേഖലയിലെയും മൂല്യവർദ്ധിത മേഖലയിലെയും കൃഷിക്കൂട്ടങ്ങൾ ത്രികക്ഷി ഉടമ്പടി വയ്ക്കേണ്ടതും ഈ ഉടമ്പടി അനുസരിക്കുവാൻ ഉല്പാദന സേവന, മൂല്യവർദ്ധിത കൃഷിക്കൂട്ടങ്ങൾക്കാവശ്യമായ പിന്തുണ നൽകേണ്ടതുമാണ്.

താഴെപ്പറയുന്ന കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്ന സമയക്രമത്തിനുള്ളിൽ പൂർത്തീകരിക്കുന്നു എന്ന് ബന്ധപ്പെട്ട കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ/ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ മാർ ഉറപ്പാക്കേണ്ടതാണ്.

1. മൂല്യവർദ്ധിത കൃഷിക്കൂട്ടത്തിന്റെ രൂപീകരണം
2. സംയോജിപ്പിച്ച ഉല്പാദന/ സേവന മേഖലയിലെ കൃഷിക്കൂട്ടം (1 മൂല്യവർദ്ധിത കൃഷിക്കൂട്ടത്തിൽ 6 മുതൽ 10 വരെ ഉൽപാദന കൃഷിക്കൂട്ടം എന്ന ക്രമത്തിൽ)
3. ഫാം പ്ലാൻ അധിഷ്ഠിത കൃഷിക്കൂട്ടങ്ങളെ ഉൽപാദന മേഖല കൃഷിക്കൂട്ടങ്ങളുമായി ഉൽപാദന സംയോജനം
4. വെഞ്ചർ ക്യാപിറ്റൽ ഫണ്ടിന് തയ്യാറാക്കൽ
5. കൃഷിയിടം കണ്ടെത്തൽ, വിള നിശ്ചയിക്കൽ, ഉൽപാദന പ്ലാൻ വിപണിയെ ആധാരമാക്കി നിശ്ചയിക്കൽ
6. മൂല്യ വർദ്ധിത കൃഷിക്കൂട്ടത്തിനാവശ്യമായ വിപണി ഇടപെടൽ

കൃഷിക്കൂട്ടങ്ങൾക്കുള്ള പരിശീലനം , മാസ്റ്റർ പരിശീലകർക്കായുള്ള പരിശീലനം , ADA പരിശീലനം തുടങ്ങിയവ ഫാംപ്ലാൻ പരിശീലത്തിനായി വക കൊള്ളിച്ചിരിക്കുന്ന തുകയിൽ ഉൾപ്പെടുത്തി കേരള കാർഷിക സർവകലാശാല വഴി സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ് . കൃഷിവകുപ്പ് , മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ വഴിയുള്ള കാർഷിക സഹായങ്ങൾ ഏകോപിപ്പിച്ച് കൃഷിക്കൂട്ടങ്ങളിൽ / ഫാം പ്ലാനുകളിൽ എത്തിക്കേണ്ടതും ഓരോ കൃഷിക്കൂട്ടങ്ങളെയും കർഷക ഉൽപ്പാദന സംഘടനയുടെ ഭാഗമാക്കുകയും വേണം. ഫാം പ്ലാൻ, ഫാം പ്ലാൻ - കൃഷിക്കൂട്ടം സംയോജനം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ തലങ്ങളിലും കൃത്യമായി എത്തുന്നു എന്നും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജില്ലയിൽ നടക്കുന്നു എന്നും ജില്ലയിലെ ആത്മ പ്രൊജക്റ്റ് ഡയറക്ടർ ഉറപ്പാക്കേണ്ടതും ഇക്കാര്യത്തിനാവശ്യമായ പിന്തുണ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ നൽകേണ്ടതുമാണ് .

## <u>ഭാഗം 6</u>

## <u>സപ്ലൈ ചെയിൻ / വാല്യൂ ചെയിൻ വികസിപ്പിക്കുക</u>

ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും, ഉൽപ്പാദനോപാധികളുടെയും കാർഷിക ഉൽപന്നങ്ങളുടെയും വിതരണ ശൃംഖല തയ്യാറാക്കുന്നതിനും 2022-23 കാലയളവിൽ നടപ്പിലാക്കിയ 'ഹബ് &സ്പോക്ക് മോഡൽ'ചെറിയ മാറ്റങ്ങളോടു കൂടി ഈ വർഷവും തുടരുന്നതാണ്. ആയതിന്റെ നിർവ്വഹണം നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>1. 2022-23 കാലയളവിൽ രൂപീകരിച്ച സമാഹരണ ഏജൻസി (അഗ്രിഗേറ്റർ) ക്കുള്ള അധിക സാമ്പത്തിക സഹായം. (2401-00-111-97 (P) Rs.107.6 ലക്ഷം രൂപ</u>**

(എ) . കൃഷിഭവൻ തലത്തിലുള്ള അഗ്രിഗേറ്ററുകളെ ശക്തിപ്പെടുത്തുന്നതിനായി ഒരു കൃഷികൂട്ടം— (FIG) രൂപീകരിക്കേണ്ടതാണ്. അതിനാവശ്യമായ നടപടികൾ എല്ലാ കൃഷി ഓഫീസർമാർ / കൃഷി ഫീൽഡ് ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. സേവന മേഖലയിലെ നിലവിലുള്ള കൃഷിക്കൂട്ടങ്ങൾക്ക് ഈ ചുമതല ഏറ്റെടുക്കാവുന്നതാണ് . അവയെ ബ്ലോക്ക് തലത്തിൽ രൂപീകരിച്ച F P O കളുടെ

ഭാഗമാക്കാവുന്നതാണ്. രൊക്കമായി പണം നൽകൽ തുടങ്ങിയ അത്യാവശ്യമുള്ള ചിലവുകൾക്കായി 10000 രൂപ ഒരു കൃഷിക്കൂട്ടത്തിന് അധികമായി റിവോൾവിങ് ഫണ്ടായി നൽകാവുന്നതാണ്.

(ബി) അഗ്രിഗേറ്ററുകളുടെ സംവിധാനം വഴി വ്യക്തിഗത കർഷകരുടെ ഉൽപന്നങ്ങളും സമാഹരിക്കാവുന്നതാണ്. വ്യക്തിഗത കർഷകരിൽ നിന്നുള്ള പഴങ്ങളും പച്ചക്കറികളും ശേഖരിക്കുന്നതിന് അവയുടെ ലഭ്യതയുടെ അളവ് സംബന്ധിച്ച് കൃഷി അസിസ്റ്റന്റമാർ ഒരു വിലയിരുത്തൽ നടത്തി മാസം തിരിച്ചുള്ള ഉൽപാദനത്തിന്റെ ഇനം, ലഭ്യതയുടെ അളവ് എന്നിവ സംബന്ധിച്ച് ഒരു പട്ടിക തയ്യാറാക്കി കൃഷി ഓഫീസർമാർ / കൃഷി ഫീൽഡ് ഓഫീസർമാർ യെ ഏൽപ്പിക്കേണ്ടതാണ്. വിപണന സാധ്യതയുള്ള പഴങ്ങളും പച്ചക്കറികളും മാത്രമേ ഇതിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ. സമാഹരണത്തിന്റെ പട്ടികയും സമാഹരിക്കുന്ന ഏജൻസിക്ക് കൈമാറേണ്ടതാണ്.

(സി) . വിഭവ ശേഖരണം, സമാഹരണം ഇവയുടെ ഗതാഗതം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾക്കുള്ള സേവന നിരക്ക് (രൂപ/കിലോ കൃഷിഭവൻ തലത്തിൽ അഗ്രിഗേഷൻ ഏജൻസികളുടെയും സമിതിയുടെയും പ്രതിനിധികളുമായി ചർച്ചചെയ്ത് നിശ്ചയിക്കേണ്ടതാണ്. അവർ കൃത്യമായ ഇടവേളകളിൽകമ്മിറ്റിയുമായി ചർച്ച ചെയ്ത് റൂട്ടിലും വിഭവ ശേഖരണ രീതിയിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും അഗ്രിഗേഷൻ ഏജൻസികൾ അവതരിപ്പിക്കുന്ന കണക്കുകൾ പരിശോധിക്കുകയും ചെയ്യേണ്ടതാണ്. ഉൽപ്പാദനം കുറഞ്ഞ സമയങ്ങളിൽ ആവശ്യമെങ്കിൽ, ഉൽപ്പാദകർ തന്നെ ഉൽപ്പന്നങ്ങൾ ശേഖരണ കേന്ദ്രങ്ങളിൽ നേരിട്ട് എത്തിക്കുന്നത് പോലെയുള്ള ബദൽ ക്രമീകരണത്തെക്കുറിച്ച് സമിതിക്ക് തീരുമാനിക്കാവുന്നതാണ്.

(ഡി) . ഉൽപ്പാദനത്തിന്റെ അളവ്, വിളവിസ്തൃതി, ഉൽപ്പാദനത്തിന്റെ തോത് എന്നിവയെ ആശ്രയിച്ച് ഒരു കൃഷിഭവനിൽ ഒന്നിലധികം അഗ്രിഗേഷൻ ഏജൻസികൾ ഉണ്ടാകാം. പ്രവർത്തന ക്ഷമമായ കർഷകമിത്രകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ, ഉൽപ്പന്നങ്ങളുടെ ശേഖരണത്തിനും സമാഹരണത്തിനും അവരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്.

(ഇ) . അഗ്രിഗേഷൻ സെന്ററുകളുടെ നിലനിൽപ്പിനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും വരുമാനം കണ്ടെത്തുന്നതിനുമായി V F P C K യുടെ സ്വാശ്രയ കർഷകസമിതിയുമായി സഹകരിക്കാവുന്നതാണ്. എന്നാൽ അവർ F P O യുടെ ഭാഗമാകേണ്ടതാണ് കളക്ഷൻ / അഗ്രിഗേഷൻ ഏജൻസികളുടെ ഭാരവാഹികൾക്ക് കൃഷിഭവൻ തലത്തിൽ രജിസ്ട്രേഷനും ഭാരവാഹികളുടെ പേരിൽ ജോയിന്റ് ബാങ്ക് അക്കൗണ്ടും ഉണ്ടായിരിക്കണം. അവർ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും (ലോജിസ്റ്റിക്സ്, അടിസ്ഥാന ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ മുതലായവ ഉൾപ്പെടെയുള്ള) കൃഷി ഓഫീസർമാർ / കൃഷി ഫീൽഡ് ഓഫീസർമാർ കളിൽ നിന്ന് അംഗീകാരം നേടുകയും ചെയ്യേണ്ടതാണ്.

(എഫ്) . അഗ്രിഗേഷൻ ഏജൻസികൾക്ക് ഉൽപ്പന്നങ്ങൾ പ്രാദേശിക വിപണികൾ, ഇക്കോ ഷോപ്പുകൾ, ചില്ലറവ്യാപാരികൾ മുതലായവർക്ക് വിൽക്കാവുന്നതാണ്. കൂടാതെ മിച്ചമുള്ളത് FPO യുടെ / ഹബ്ബുകളിലേക്ക് നൽകാവുന്നതാണ്. BLAKC-കൾ ഇതിന് ആവശ്യമായ ഉപദേശ പിന്തുണ നൽകേണ്ടതാണ്.

**<u>2 . ആവശ്യകതാധിഷ്ഠിതമായ ഉല്പാദന വ്യവസ്ഥക്കായുള്ള മൂല്യശൃംഖല വികസിപ്പിക്കുന്നതിന് “ഹബ്ബുകളുടെ വികസനവും ശാക്തീകരണവും” 2401-00-111-97 (P) 70.00 ലക്ഷം രൂപ & ഹബ്ബുകളുടെ രൂപീകരണം 2401-00-111-97 (P) 45.00 ലക്ഷം രൂപ</u>**

(എ) . പ്രദേശത്തിന്റെയോ മാർക്കറ്റിംഗ് പ്രവർത്തനത്തിന്റെയോ നെറ്റ്‌വർക്കിന്റെയോ ഫലപ്രദമായ കേന്ദ്രത്തെയാണ് HUB (ചക്രത്തിന്റെ കുടം) സൂചിപ്പിക്കുന്നത്. ഫീൽഡിൽ നിന്ന് ഹബ്ബിലേക്ക് ബന്ധിപ്പിക്കുന്ന കണ്ണികളെ (എഫ്പിഒകൾ, അഗ്രിഗേറ്ററുകൾ, എഫ്ഐജികൾ, ക്ലസ്റ്ററുകൾ, മറ്റ് കർഷക ഗ്രൂപ്പുകൾ മുതലായവ) വണ്ടിച്ചക്രത്തിന്റെ Spokes (കോൽകമ്പുകൾ) എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നു. ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്ന മേഖലയെയാണ് (RIM) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) . ജില്ലാതലത്തിൽ പ്രോജക്ട് ഡയറക്ടറുടെ (ATMA) നേതൃത്വത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) ഫീൽഡ് തലത്തിലെ ഉൽപ്പാദനത്തെ FPO-കൾ വഴി (കഴിയുന്നതും ബ്ലോക്ക് തലത്തിനു മുകളിലുള്ള) ഹബ്ബുകളുമായി ബന്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ് - ഈ ഹബ്ബുകൾ ഫീൽഡ് ലെവൽ അഗ്രിഗേഷൻ യൂണിറ്റുകളിൽ നിന്നുള്ള മിച്ച ഉൽപ്പന്നങ്ങൾ സമയബന്ധിതമായി സമാഹരിച്ച്, ആവശ്യ രൊക്കം പണം ലഭ്യമാക്കുന്ന ഇക്കോ ഷോപ്പുകൾ, മൊത്തകച്ചവടക്കാർ, സൂപ്പർമാർക്കറ്റുകൾ, VFPCK, HORTഐCORP, അർബൻ, റൂറൽ മൊത്തക്കച്ചവട വിപണികൾ എന്നിവക്ക് ഈ ഉൽപ്പന്നങ്ങൾ നൽകുകയും ചെയ്യാം. 2022-23 സാമ്പത്തിക വർഷം ഇത്തരത്തിൽ ചില കേന്ദ്രങ്ങളിൽ ഹബ്ബുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 കാലയളവിൽ ഹബ്ബുകൾ സ്ഥാപിക്കുന്നതിനും/ സ്ഥാപിച്ചവയെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ജില്ലകളിൽ അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി). 2022-23 സാമ്പത്തിക വർഷം രൂപീകരിച്ച 1 4 ഹബുകളെ സാമ്പത്തികമായി പിന്തുണയ്ക്കുന്നതിനു **ഒരു ഹബ്ബിനു 5.00 ലക്ഷം രൂപ** എന്ന തോതിൽ അടിസ്ഥാന സൗകര്യങ്ങൾ, സംസ്കരണം, വിപണനം എന്നീ സൗകര്യങ്ങൾക്കായി പ്രോജക്ട് അടിസ്ഥാനത്തിൽ വിനിയോഗിക്കാവുന്നതാണ്. ഈ പ്രോജക്ടുകൾ (ജില്ലാതല കമ്മിറ്റി) വിലയിരുത്തുകയും, ആവശ്യമായ അനുമതി നൽകുകയും ചെയ്യേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ ലക്ഷ്യം വച്ചെങ്കിലും ആരംഭിക്കാൻ കഴിയാത്ത ഹബ്ബുകൾ, ഈ തുക ഉപയോഗിച്ച് ആരംഭിക്കാവുന്നതാണ്.

(ഡി). 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്ത് 6 പുതിയ ഹബ്ബുകൾ കൂടി ആരംഭിക്കേണ്ടതാണ്. **ഒരു ഹബ്ബിന് 7 . 5 ലക്ഷം രൂപ**യാണ് ഇതിനായി അനുവദിച്ചിരിക്കുന്നത്. നേരത്തെ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഒരു പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ഹബ്ബുകൾ രൂപീകരിക്കേണ്ടതാണ്.

(ഇ) . ജില്ലയിൽ ബ്ലോക്ക് തലത്തിലുള്ള ബന്ധപ്പെട്ട എഡിഎമാരും /എഎഫ്ഒമാമാരും നിർബന്ധമായും ഈ ഘടകം നടപ്പിലാക്കേണ്ടതാണ്. എല്ലാ പിഎഒ മാരും ഇതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) ന് സമയബന്ധിതമായി നടപ്പിലാക്കാൻ വേണ്ട കർശന നിർദ്ദേശം നൽകേണ്ടതാണ്.

(എഫ്) . ഈ സർക്കുലർ പ്രകാരം രൂപീകരിച്ച എഫ്പിഒകൾ മുഖേന ഹബുകൾ പ്രവർത്തിപ്പിക്കാവുന്നതാണ്. അടിസ്ഥാന സൗകര്യങ്ങളിലും മറ്റുമുള്ള അവരുടെ നിർണായക ആവശ്യകതകൾ നിറവേറ്റുന്നതിന് ഒരു പ്രോജെക്ട് അടിസ്ഥാനത്തിൽ ഈ തുക ഉപയോഗിക്കാവുന്നതാണ്. ജില്ലാതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) ഏകോപിപ്പിക്കേണ്ടതാണ്.

(ജി). കാർഷിക ഉല്പാദനോപാധികളുടെ വിതരണവും വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും ഹബ്ബുകൾ മുഖേന നടപ്പിലാക്കാവുന്നതാണ്. വിത്ത്, തൈകൾ, വളങ്ങൾ, വളങ്ങൾ എന്നിവയും മറ്റ് ഉല്പാദനോപാധികൾ ആവശ്യാനുസരണം നൽകുകയും ഇതിനായി ഉപഭോക്താക്കളിൽ നിന്ന് മിതമായ സേവന നിരക്കുകൾ വാങ്ങുകയും ചെയ്യാവുന്നതാണ്. ഈ സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള കമ്മിറ്റി ആയിരിക്കും സേവന നിരക്കുകൾ നിശ്ചയിക്കുക.

(എച്ച്). നിലവിലെ ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളെയോ അത്തരത്തിലുള്ള മറ്റ് ഏജൻസികളെയോ കാർഷിക ഉല്പന്നങ്ങൾ പൂളിംഗ് ഏജൻസികളെയോ 'ഹബ്ബുകൾ' ആയി മാറ്റാവുന്നതാണ്. എന്നിരുന്നാലും, അവർ എഫ് പി ഒ കൾ ആകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കുകയും ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള മാതൃകാ പ്ലോട്ടുകളുടെ ഗുണഭോക്താക്കളെ അവരുടെ അംഗങ്ങളായി ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ഐ) . നിർബന്ധിത രജിസ്റ്ററുകൾക്കും ഡോക്യുമെന്റുകൾക്കും പുറമെ, 'ഹബ്' നടത്തുന്ന എഫ് പി ഒകൾ / ഏജൻസികൾ നടീൽ വസ്തുക്കളുടെയും ഉല്പാദനോപാധികളുടെയും വിതരണം, സംബന്ധിച്ച രേഖകൾ കർഷകർക്ക് ആവശ്യമുള്ള മറ്റ് വിപണി വിവരങ്ങൾ ഇവ രജിസ്റ്ററുകളിൽ സൂക്ഷിക്കേണ്ടതാണ്.

**<u>3 . കർഷകർക്കും അവരുടെ ഉൽപ്പന്നങ്ങൾക്കും ഉടനടി തുക നൽകുന്നതിനുള്ള ഡിജിറ്റൽ പണമിടപാട് സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനുള്ള പിന്തുണ (2401-00-111-97 (P) Rs. 37.4</u>**

**ലക്ഷം രൂപ**

(a).കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ ഔട്ട്ലെറ്റുകളിലോ ശേഖരണ കേന്ദ്രങ്ങളിലോ നൽകുകയാണെങ്കിൽ, ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ തന്നെ പണം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതിയിൽ ഈ ഘടകം ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി ഉചിതമായ പേയ്മെന്റ് ഗേറ്റ്വേ സംവിധാനങ്ങൾ, സുരക്ഷാ ഓപ്ഷനുകൾ, ആവശ്യമായ ഉപകരണ സംവിധാനങ്ങൾ സേവന ദാതാവ് കോർപസ് ഫണ്ട് മുതലായവ ഇതിനാവശ്യമാണ്.

(ബി).അത്തരം ഒരു സംവിധാനം വികസിപ്പിക്കുന്നതിന് 37.4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ ഡയറക്ടറേറ്റിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐടി) ആരംഭിക്കേണ്ടതാണ്.

**4. 'കേരളാഗ്രോ' റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പിന്തുണ (2401-00-111-97(P)Rs. 140 ലക്ഷം രൂപ**

(എ) . കർഷകരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന്, അവയുടെ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് പ്രത്യേക ഔട്ട്ലെറ്റുകൾ വഴി അവ വിറ്റഴിക്കാനായി പ്രീമിയം ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന് പിന്തുണ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രീമിയം ഔട്ട്ലെറ്റുകൾ കേരളഗ്രോയുടെ കീഴിൽ ബ്രാൻഡ് ചെയ്യപ്പെടും. FPD പ്രോഗ്രാമുകൾ, GAP പ്രൊഡക്ഷൻ പ്രോട്ടോക്കോളുകൾ, ഓർഗാനിക് സർട്ടിഫിക്കേഷൻ പ്രോഗ്രാമുകൾ എന്നിവയിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും ഈ റീട്ടെയിൽ ഷോപ്പുകളിലൂടെ കീഴിൽ വിറ്റഴിക്കാവുന്നതാണ്.

(ബി) . ഫാം പ്ലാൻ അധിഷ്ഠിത വികസന സമീപനം അനുസരിച്ച് രൂപീകരിച്ച എഫ്പിഒകൾക്കും മറ്റ് മാർഗങ്ങളിലൂടെ സ്ഥാപിതമായ എഫ്പിഒകൾക്കും ഇത്തരം ബ്രാൻഡ് ചെയ്ത കാർഷിക ഉൽപ്പന്നങ്ങളുടെ പ്രീമിയം ഔട്ട്ലെറ്റുകൾ തുറക്കാൻ കഴിയും. സംസ്ഥാനത്തുടനീളം ഇത്തരത്തിലുള്ള 14 ഔട്ട്ലെറ്റുകൾ തുറക്കുന്നതായിരിക്കും. 2023-24ലെ മാർക്കറ്റ് ഡെവലപ്മെന്റ് സ്കീമിൽ വിഭാവനം ചെയ്തിരിക്കുന്ന കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പുകളിൽ നിന്ന് ഇവ വ്യത്യസ്തമായിരിക്കും എന്തെന്നാൽ കുടുംബശ്രീ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഫെഡറേറ്റഡ്, രജിസ്റ്റേഡ് ഓർഗനൈസേഷനുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്ക് ഫ്രാഞ്ചൈസി മോഡിൽ ഇവയെ ഏറ്റെടുക്കാം.

(സി) ഒരു യൂണിറ്റിന് പരമാവധി ഒറ്റത്തവണ പിന്തുണ 10.00 ലക്ഷംരൂപ എന്ന നിരക്കില് ഒരു FPO ക്കു അത്തരം പരമാവധി രണ്ട് യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ഇത്, യൂണിറ്റുകൾ സ്ഥാപിക്കാനും, ഫർണിച്ചറുകൾ, വെയിംഗ് മെഷീനുകൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, സോളാർ പാനൽ പോലുള്ള ഊർജ്ജ കാര്യക്ഷമതയുള്ള സംവിധാനങ്ങൾ എന്നിവയുടെ സജ്ജീകരണം തുടങ്ങിയവയ്ക്കും മൂലധന ചെലവുകൾക്കായി ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ആകെചെലവിന്റെ 50%ആണ് പിന്തുണയായി നല്കുന്നത്. റീഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിൽ 2401-00- 111-97 (P) എന്ന ശീർഷകത്തിൽ നിന്നും ഇതിനായി 140 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

(ഡി). പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ഈ സ്കീമിന് വിപുലമായ പ്രചാരണം നൽകേണ്ടതുംഅനുയോജ്യമായ ഏജൻസികളിൽ നിന്ന് അപേക്ഷകളും പ്രോജക്റ്റുകളും ക്ഷണിക്കുകയും ചെയ്യേണ്ടതാണ്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്), പ്രിൻസിപ്പൽ കൃഷി ഓഫീസർ, പ്രൊജക്റ്റ് ഡയറക്ടർ(ATMA),കൃഷി ഡെപ്യൂട്ടി ഡയറക്ടർ (H), കൃഷി ഡെപ്യൂട്ടി ഡയറക്ടർ(E&T) എന്നിവരോടൊപ്പം സൈറ്റ് പരിശോധിച്ച്, പരിശോധനാ റിപ്പോർട്ടും അഭിപ്രായങ്ങളും സഹിതം അപേക്ഷകൾ കൃഷി ഡയറക്ടർക്ക് കൈമാറേണ്ടതാണ്.

(ഇ) . ഇപ്രകാരം സമർപ്പിച്ച പ്രോജക്റ്റുകളുടെ മൂല്യനിർണ്ണയത്തിനായി സംസ്ഥാനതലത്തിൽ അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) കൺവീനർ ആയി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കൃഷി ഡയറക്ടർ ചെയർമാനും, സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയർ, കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) , കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) , എംഡി, എസ്എഫ്എസി-കൃഷി ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ എന്നിവർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

**5. കേരള അഗ്രി-നെറ്റ്, കേരള ഫാം ഫ്രഷ് മൊബൈൽ ആപ്പുകളുടെ വികസനം-2401-00-111-97(P) 100 ലക്ഷം രൂപ**

(എ) കർഷകരെ അഗ്രിഗേഷൻ ഏജൻസിയുമായും തുടർന്ന് അഗ്രിഗേഷൻ ഏജൻസികളെ FPO കളുമായും FPO കളെ ഹബ്ബുകളുമായും ഡിജിറ്റലായി ബന്ധിപ്പിക്കുന്നതിന് വേണ്ടി കേരള അഗ്രിനെറ്റ് മൊബൈൽ ആപ്പ് വികസിപ്പിക്കേണ്ടതാണ്. കൃഷി വകുപ്പിന് കീഴിലുള്ള പ്രാദേശിക, മൊത്തവ്യാപാര വിപണികളുമായും. മറ്റ് സംസ്ഥാനങ്ങളുടേതുൾപ്പെടെ എല്ലാ മാർഗങ്ങളിലൂടെയും എത്തുന്ന പച്ചക്കറികളുടെയും പഴങ്ങളുടെയും വിപണന വിവരങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഈ കേന്ദ്രീകൃത മാർക്കറ്റ് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിക്കേണ്ടതാണ്. ഉല്പന്നങ്ങളുടെ വില, ഉറവിടം, ലഭിക്കുന്ന സമയം എന്നിവയെ ആസ്പദമാക്കിയായിരിക്കും അഗ്മാർക്നെറ്റ് പോലുള്ള മാർക്കറ്റ് വിവരങ്ങളിൽ നിലവിലുള്ള MIS സാധ്യമായ തലത്തിലേക്ക് സംയോജിപ്പിക്കുക. ഈ ശൃംഖലകളെ 'കേരള അഗ്രി-നെറ്റ്' എന്ന് അറിയപ്പെടുന്നതാണ്.

(ബി) മാർക്കറ്റ് നെറ്റ്വർക്കുകൾക്കായി 'കേരള ഫാം ഫ്രഷ്' എന്ന പേരിൽ മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിച്ചെടുക്കേണ്ടതാണ്. അതുവഴി ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനത്തിലൂടെസാധനങ്ങൾ വാങ്ങാനാകും. 100.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്.ഇവ കൈകാര്യം ചെയ്യുന്നതിനുള്ള പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിനും, ലേലനടപടികൾക്കുള്ള ഇ-നാം മോഡൽ തയ്യാറാക്കുന്നതിനും ബ്രാൻഡിംഗ് ചെയ്യുന്നതിനുംവിവരിച്ച പ്രകാരം ആപ്പിനായുള്ള സെർവറുകളുടെ പിന്തുണയ്ക്കും വിനിയോഗിക്കാം. കാലതാമസം കൂടാതെ ഇത് നടപ്പിലാക്കാൻ ആവശ്യമുള്ള നടപടികൾ കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) കൈക്കൊള്ളേണ്ടതാണ്. കൃഷി ഡയറക്ടർ ചെയർപേഴ്സണായും കൃഷി അഡിഷണൽ ഡയറക്ടർ(മാർക്കറ്റിംഗ്) കൺവീനറും, ഡെപ്യൂട്ടി ഡയറക്ടർ ഐടി , ഡെപ്യൂട്ടി ഡയറക്ടർ മാർക്കറ്റിംഗ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) , കൃഷി അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്) എന്നിവർ അംഗങ്ങളുമായ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഉചിതമായ ഐടി സ്റ്റാർട്ടപ്പുകൾ മുഖേന ഇത് നടപ്പിലാക്കും ഇതിനായി 100.00 ലക്ഷം അനുവദിച്ചിട്ടുണ്ട്.

## ഭാഗം 7

## നിരീക്ഷണവും മൂല്യനിർണ്ണയവും

**പൊതു നിർദ്ദേശങ്ങൾ**

(എ) . ഫാം പ്ലാൻ അധിഷ്ഠിത മാതൃകാ പ്ലോട്ടുകളുടെ കാര്യക്ഷമമായ നിരീക്ഷണത്തിനും മേൽനോട്ടത്തിനും സമയബന്ധിതമായ പിന്തുണക്കും മറ്റും അസിസ്റ്റന്റ് കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റ്മാർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് കൃഷി ഓഫീസർമാർ/ A F O മാർ ഉറപ്പാക്കേണ്ടതുണ്ട്. കൃഷിയിടത്തിൽ സൂക്ഷിച്ചിരിക്കുന്ന ഫീൽഡ് ബുക്കിന്റെ ചുമതല കൃഷി അസിസ്റ്റന്റ്/ അസിസ്റ്റന്റ് കൃഷി ഓഫീസർക്കായിരിക്കും

(ബി) . കാർഷിക ഉത്പാദനത്തിന്റെയും വരുമാനത്തിന്റെയും കാര്യത്തിൽ മാതൃകാ പ്ലോട്ടുകൾ സുസ്ഥിരമാക്കേണ്ടതും അവയ്ക്ക് സ്ഥിരമായ പിന്തുണ നൽകുകയും ചെയ്യേണ്ടതാണ്. ജനകീയ പദ്ധതി പരിപാടികൾ, ശില്പശാലകൾ, ലൈൻ ഡിപ്പാർട്മെന്റിന്റെ പദ്ധതികൾ എന്നിവയുടെ സഹകരണത്തോടുകൂടി മുന്നോട്ടുള്ള വർഷങ്ങളിൽ ഫാം പ്ലാൻ പ്ലോട്ടുകളിൽ രൂപപ്പെടുന്ന ക്രിട്ടിക്കൽ കമ്പോണന്റിനെ സംബന്ധിച്ച് പ്രാദേശിക തലത്തിൽ ഉചിതമായ ഇടപെടലുകൾ നടത്തേണ്ടതാണ്. സംസ്ഥാനത്തെ എല്ലാ ഫാമുകളും ലാഭകരവും സുസ്ഥിരവുമായ ഉൽപ്പാദന യൂണിറ്റുകളാക്കി മാറ്റുന്നതിനുള്ള സർക്കാരിന്റെ കാഴ്ചപ്പാട് പ്രാവർത്തികമാക്കാൻ ഓരോ ഉദ്യോഗസ്ഥനും പ്രവർത്തിക്കണം.

(സി) ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള മാതൃകാ പ്ലോട്ടുകളുടെ ചുമതലയുള്ള കൃഷി അസിസ്റ്റന്റ്/ അസിസ്റ്റന്റ് കൃഷി ഓഫീസർമാർ എന്നിവർ രണ്ടാഴ്ചയിലൊരിക്കലെങ്കിലും പ്ലോട്ടുകൾ സന്ദർശിക്കണം. കൂടാതെ കൃഷി ഓഫീസർമാർ / AFO-മാർ മാസത്തിൽ ഒരിക്കലെങ്കിലും എല്ലാ പ്ലോട്ടുകളും

സന്ദർശിക്കേണ്ടതാണ്. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ മാസത്തിൽ ഒരു കൃഷിഭവനിലെ മാതൃകാ പ്ലോട്ടുകൾ, അഗ്രിഗേഷൻ സെന്ററുകൾ, എഫ്പിഒകൾ എന്നിവിടങ്ങളിൽ ഇടയ്ക്കിടെ ഫീൽഡ് സന്ദർശനം നടത്തണം. ഡെപ്യൂട്ടി ഡയറക്ടർ (E&T), നോഡൽ ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, പ്രൊജക്റ്റ് ഡയറക്ടർ(ATMA) എന്നിവർ ഫാം പ്ലാനുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും പരിശോധനകൾ പ്രതിമാസ ഇടവേളകളിൽ നടത്തേണ്ടതാണ്. ഫീൽഡ് സന്ദർശനങ്ങളുടെ റിപ്പോർട്ടുകൾ എല്ലാ മാസവും 10-ന് മുമ്പായി അവരുടെ കൺട്രോളിംഗ് ഓഫീസർമാർക്ക് കൈമാറേണ്ടതാണ്.

(ഡി) ഫാം പ്ലാൻ വികസന സമീപനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ സാമ്പത്തികമായ പ്രവർത്തനങ്ങളുടെ സംഗ്രഹം തയ്യാറാക്കേണ്ടതാണ്. അതാത് ഓഫീസർമാർ ചെലവുകളുടെ കണക്ക് സൂക്ഷിക്കുകയും അസിസ്റ്റന്റ് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർമാർ ചെലവ് മാനേജ്മെന്റിൽ ജില്ലാ തലത്തിൽ കോ-ഓർഡിനേറ്റിംഗ് ഓഫീസർമാരായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്

(ഇ).അധിക തസ്തികകൾ സൃഷ്ടിക്കാതെ തന്നെ ഡയറക്ടറേറ്റിൽ 'ഫാം പ്ലാൻ സെൽ' രൂപീകരിക്കാൻ സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (പ്ലാനിംഗ്) ഇത് സ്ഥാപിക്കുന്നതിന് അനുയോജ്യമായ പ്രൊപോസൽ തയ്യാറാക്കി സർക്കാരിലേക്ക് നൽകേണ്ടതാണ്.

(എഫ്) . മുൻവർഷത്തെപ്പോലെ, പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും ഫലപ്രദമായ ഏകോപനത്തിലും നിർവഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുമായി ജില്ല തിരിച്ചുള്ള ഫാം പ്ലാൻ സെല്ലുകൾ രൂപീകരിക്കേണ്ടതാണ്. സെല്ലിന്റെ ചെയർമാനും കോ-ചെയർമാനും യഥാക്രമം പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, പ്രൊജക്റ്റ് ഡയറക്ടർ(ATMA) എന്നിവർ ആയിരിക്കും. എല്ലാ ജില്ലകളിലും പിഎയുടെ ടെക്നിക്കൽ അസിസ്റ്റന്റ് കൺവീനറായിരിക്കും ജില്ലാ ആസ്ഥാനങ്ങളിലെ എല്ലാ ഡിഡിഎമാരും അംഗങ്ങളായിരിക്കും. ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സ്കീം തിരിച്ചുള്ള പരിധി ഈ സെൽ വിലയിരുത്തും. മാസ്റ്റർ ട്രെയിനർമാരുടെ സഹായത്തോടെ സാധ്യമായ എല്ലായിടത്തും ഫീൽഡ് തലത്തിൽ ഏകീകരണം സുഗമമാക്കേണ്ടതാണ്. ഈ സർക്കുലറിൽ വിവരിക്കാത്ത ഇനങ്ങളുടെ യൂണിറ്റ് ചെലവും സാമ്പത്തിക സഹായ നിരക്കും നിശ്ചയിക്കാനുള്ള അധികാരം ജില്ലാതല സെല്ലിനുണ്ട്.

(ജി) കൃഷി വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഉൾപ്പെടാത്തവയ്ക്ക് ഇതിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ പാടുള്ളതല്ല. എന്നിരുന്നാലും, ബന്ധപ്പെട്ട BLAKC-കൾ അനുയോജ്യമെന്ന് കണ്ടെത്തിയാൽ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ല.

കുറിപ്പ്: സംയോജിത കൃഷി സമ്പ്രദായം (IFS) ജനകീയമാക്കാനുള്ള ചുമതല വകുപ്പിനുണ്ട്. ഐ.എഫ്.എസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഏത് ഘടകവും ഫാം പ്ലാൻ സ്കീമിന് കീഴിൽ സ്വീകാര്യമാണ്. എന്നാൽ ഇത് ഇടപെടലിന്റെ ഒരു അവിഭാജ്യ ഘടകമായിരിക്കും കൂടാതെ ഒരു IFS-ലെ വിവിധ സംരംഭങ്ങളുടെ പരസ്പരബന്ധം ഉറപ്പുനൽകാതെ ഒരു ഘടകത്തെ മാത്രം നടപ്പിലാക്കാൻ അംഗീകാരം നൽകേണ്ടതില്ല.

(എച്ച്).സർക്കാർ ഉദ്യോഗസ്ഥർ നടത്തുന്ന എല്ലാ വാങ്ങലുകൾക്കും ഗവൺമെന്റിന്റെ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കേണ്ടതാണ്.

(ഐ) എല്ലാ തലങ്ങളിലും പതിവ് അവലോകനങ്ങൾ നടത്തേണ്ടതാണ്

(ജെ) ഏതെങ്കിലും തലത്തിൽ ഫണ്ടുകളുടെ പാർക്കിംഗ് അനുവദനീയമല്ല

**<u>സ്കീമിന്റെ നിരീക്ഷണം</u>**

I . ഇത് ഒരു സംയുക്ത പദ്ധതിയായി നിർവഹിക്കപ്പെടുന്നതിനാൽ സംസ്ഥാനതല

സംഘാടനവും മോണിറ്ററിങ്ങും ജോയിന്റ് ഡയറക്ടർ (FIG) യിൽ നിക്ഷിപ്തമായിരിക്കും

ii. ഭാഗം 1,2,3 പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് സംസ്ഥാന തലത്തിൽ അഡീഷണൽ ഡയറക്ടർ (എക്സ്റ്റെൻഷൻ) മേൽനോട്ടം വഹിക്കേണ്ടതാണ്.

iii. ഭാഗം 4,5,6 പ്രകാരമുള്ള പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ അഡീഷണൽ ഡയറക്ടർ (മാർക്കറ്റിങ്) നിർവഹിക്കേണ്ടതാണ്.

iv. ജില്ലാ തലത്തിൽ പ്രൊജക്റ്റ് ഡയറക്ടർ (ആത്മ) ഈ മുഴുവൻ പദ്ധതികളുടെയും എല്ലാ വിധ മേൽനോട്ടവും വഹിക്കേണ്ടതും എല്ലാ വിധത്തിലുള്ള ഭരണ പിന്തുണയും പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർമാർ നൽകേണ്ടതുമാണ്. ഒരു തരത്തിലുള്ള വീഴ്ചയും ഇത്തരത്തിൽ അനുവദനീയമല്ല.

v . ബ്ലോക്ക്തല പ്രവർത്തനങ്ങൾ എല്ലാം അതാത് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ കൃത്യമായി മേൽനോട്ടം വഹിച്ച് സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. ബ്ലോക്കുകളുടെ ചുമതലയുള്ള DDA -മാർ ഇക്കാര്യം ഉറപ്പു വരുത്തേണ്ടതാണ്. DDA-മാർ കൃത്യമായി കൃഷിയിടങ്ങൾ ഉൾപ്പെടെയുള്ളവ പരിശോധന നടത്തി പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർമാർക്കും, പ്രൊജക്റ്റ് ഡയറക്ടർ (ആത്മ)ക്കും റിപ്പോർട്ട് ചെയ്യണം.

vi. കൃഷി ഓഫീസർമാർ സമയ ബന്ധിതമായി പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. കൃഷി അസ്സിസ്റ്റന്റമാർ, അസിസ്റ്റന്റ് കൃഷി ഓഫീസർമാർ കൃത്യമായി ഫീൽഡിൽ പോകുന്നുവെന്നും, പ്രവർത്തനങ്ങൾ നടത്തുന്നുവെന്നും ഉറപ്പു വരുത്തേണ്ടതും ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് റിപ്പോർട്ട് നൽകേണ്ടതുമാണ്. കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർമാർ തങ്ങളുടെ വർക്ക് ഡയറികൾ കൃത്യമായി പരിപാലിക്കുന്നുണ്ടെന്ന്കൃഷി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

vii. ഓരോ ഉദ്യോഗസ്ഥരും തങ്ങളുടെ നിരീക്ഷണ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതായി എല്ലാ മാസവും റിപ്പോർട്ട് നൽകേണ്ടതാണ്.

(എ) . പദ്ധതി സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യും.

(ബി) . ജില്ലാതലത്തിൽ P A O കൺ വീനറായും P D ജോയിന്റ് കൺവീനറായും DD E&T, DPD, BLAKC-യിലെ ശാസ്ത്രജ്ഞൻ എന്നിവർ അംഗങ്ങളായും ഒരു ടീമിനെ രൂപീകരിക്കണം. മിക്കവാറും എല്ലാ ബ്ലോക്കുകളും ഉൾക്കൊള്ളുന്ന ഒരു സംഘം എല്ലാ മാസവും കുറഞ്ഞത് 10 റാൻഡം ഫീൽഡ് സന്ദർശനങ്ങൾ നടത്തണം. (2022-23) കാലഘട്ടത്തിൽ രൂപീകരിച്ച ഫാം പ്ലാൻ നടപ്പിലാക്കുന്ന ഫീൽഡുകളിൽ ഇടവിട്ടുള്ള സന്ദർശനങ്ങൾ നടത്തേണ്ടതും ആവശ്യമായ മേഖലകളിൽ ഉചിതമായ ഇടപെടലുകൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. എല്ലാ എഡിഎമാരുടെയും പ്രതിമാസ അവലോകന യോഗങ്ങൾ നടത്തി ബ്ലോക്കുതല പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ഫീൽഡ് തലത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുകയും പരിഹരിക്കുകയും ചെയ്യേണ്ടതാണ്. ഫീൽഡ് സന്ദർശനങ്ങൾ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ വാഹനം നൽകൽ, ജീവനക്കാരെ ലഭ്യമാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്നിവ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർമാർ നിർവ്വഹിക്കുന്നതാണ്.

(സി) . ജില്ലാതല മോണിറ്ററിങ് പ്രൊജക്റ്റ് ഡയറക്ടർക്ക് (ആത്മ) ചുമതലയുണ്ട്. കാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലും കരാർ നിയമനങ്ങൾ ഉൾപ്പെടെ എല്ലാ ജീവനക്കാരുടെയും സഹായം ഉറപ്പുവരുത്തേണ്ടതാണ്.

(ഡി). പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (E & T), ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ (ATMA) എന്നിവർക്ക് ബ്ലോക്കുകളുടെ ചുമതല ജില്ലാതല ടീം നൽകും

നൽകേണ്ടതാണ്. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ ആൻഡ് ടി) ജില്ലാതലത്തിൽ ഏകോപനവും അവലോകനവും നടത്തേണ്ടതാണ്.

(ഇ) . മൾട്ടി ഡിസിപ്ലിനറി സമീപനം സ്വീകരിക്കുന്നതുൾപ്പെടെ തലത്തിനായുള്ള സാങ്കേതികവും ഭരണപരവുമായ നിർദ്ദേശങ്ങൾ ബ്ലോക്ക് തലത്തിലുള്ള അസിസ്റ്റന്റ് ഡയറക്ടർമാർ നിർവ്വഹിക്കേണ്ടതാണ്. ബ്ലോക്ക് തലത്തിൽ ADA, BLAKC സയന്റിസ്റ്റ്, ബ്ലോക്കിലെ A O മാർ എന്നിവരുമായി ഒരു ടീം രൂപീകരിക്കണം. പാനൽ ഓരോ 2 ആഴ്ചയിലും യോഗം ചേരുകയും മാസത്തിൽ കുറഞ്ഞത് 2 ഫീൽഡ് സന്ദർശനങ്ങൾ നടത്തുകയും വേണം.

**<u>സാമ്പത്തിക വിവരണം</u>**

പദ്ധതിയുടെ മൊത്തം സാമ്പത്തിക വിവരണം ചുവടെ ചേർക്കുന്നു:

| **2023-24 സാമ്പത്തിക വർഷത്തിൽ ഫാം പ്ലാൻ വികസന സമീപനത്തിനായി വിവിധ അക്കൗണ്ടുകളിൽ നിന്ന് അനുവദിക്കുന്ന ഫണ്ട്** | | | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **ഘടകത്തിന്റെ പേര്** | **നിരക്ക് (രൂപ/യൂണിറ്റ്)** | **യൂണിറ്റുകളുടെ എണ്ണം** | **ആകെ തുക (രൂപ ലക്ഷത്തിൽ)** | **ശീർഷകം** |
| **I** | **കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ 2401-00-109-80 പ്ലാൻ-76.00 ലക്ഷം രൂപ** | | | | |
| | **കൃഷിപാഠശാല** | | | | |
| (എ) | ഫാം പ്ലാനുകളുടെ സ്കൂടം ചെയ്യലും സാധൂകരണവും | 0.3 ലക്ഷം | 152 | 45.60 | 2401-00-109-80 (P) |
| (ബി) | ഉദ്യോഗസ്ഥരുടെ ട്രെയിനിംഗ് | | | 30.40 | 2401-00-109-80 (P) |
| | **സബ് ടോട്ടൽ** | | | **76.00** | |
| **II** | **കൃഷിയിടയാസൂത്രണനാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ- ഉൽപ്പാദനപൂർവ പിന്തുണ ഉൾപ്പെടെ- 2401-00-104-67 പ്ലാൻ-1200 ലക്ഷം രൂപ** | | | | |
| 1 | തിരഞ്ഞെടുക്കപ്പെട്ട ഫാം പ്ലാനിലെ നിർണായക ഘടകങ്ങൾക്കുള്ള (Critical components) പിന്തുണ- ആദ്യ വർഷം (2023-24) | | 9760 | 878.4 | 2401-00-104-67 (P) |
| 2 | തിരഞ്ഞെടുക്കപ്പെട്ട ഫാം പ്ലാനിലെ നിർണായക ഘടകങ്ങൾക്കുള്ള (Critical components) പിന്തുണ - രണ്ടാം വർഷം (2022-23) | | | 71.6 | 2401-00-104-67 (P) |
| 3 | മാതൃകാ ഐഎഫ്എസ് പ്ലോട്ടുകൾ സ്ഥാപിക്കൽ | 0.25 ലക്ഷം | 1000 | 250 | 2401-00-104-67 (P) |
| | **സബ് ടോട്ടൽ** | | | **1200** | |
| | | | | | |

I/130510/2023

| | | | | | |
|---|---|---|---|---|---|
| **III** | **ഉൽപ്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യാ പിന്തുണക്കുമായുള്ള പദ്ധതി - 2401-00-109-56 പ്ലാൻ- 650.00 ലക്ഷം രൂപ** | | | | |
| **1** | **ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള മോഡലുകളുടെ വിജ്ഞാനവ്യാപന വിടവ് നികത്തൽ ( കേരള കാർഷിക സർവകലാശാല മുഖാന്തരം) - 100ലക്ഷം രൂപ** | | | | |
| എ | മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലന പരിപാടികൾ | 1.00 ലക്ഷം | 14 | 14 | 2401-00-109-56 (P) |
| ബി | ദേശീയ അന്തർദേശീയ പരിശീലന പരിപാടികൾ | 35.00 ലക്ഷം | 1 | 35 | 2401-00-109-56 (P) |
| സി | FLDs & OFTs | 0.25 ലക്ഷം | 152 | 38 | 2401-00-109-56 (P) |
| ഡി | കർഷകരുടെയും ശാസ്ത്രജ്ഞരുടെയും പൊതുവായൊരു സമ്പർക്കമുഖം | 1.5 ലക്ഷം | 6 | 9 | 2401-00-109-56 (P) |
| ഇ | കേരള കാർഷിക സർവകലാശാലയുടെ ഭരണ നിർവഹണ ചെലവുകൾ | 4.00 ലക്ഷം | 1 | 4 | 2401-00-109-56 (P) |
| | **സബ് ടോട്ടൽ** | | | **100** | |
| **2** | **എഫ് പി ഒ കൾക്കുള്ള പിന്തുണ- 550 ലക്ഷം രൂപ** | | | | |
| എ | ഉല്പന്ന വികസനം, സമാഹരണം, വിപണന പ്രവർത്തനങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ | 5.0 ലക്ഷം | 100 | 500 | 2401-00-109-56 (P) |
| ബി | പുതിയ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ രൂപീകരണം | 50.00 ലക്ഷം | 1 | 50 | 2401-00-109-56 (P) |
| | **സബ് ടോട്ടൽ** | | | **550** | |
| **IV** | **കൃഷിയിടയാസൂത്രണനാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ/ മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി - 2401-00-111-97 പ്ലാൻ- 500.00 ലക്ഷം രൂപ** | | | | |
| 1 | അഗ്രിഗേറ്ററുകൾ ശക്തിപ്പെടുത്തൽ | 0.100 ലക്ഷം | 1076 | 107.6 | 2401-00-111-97 (P) |
| 2 | ആവശ്യകതധിഷ്ഠിതമായ ഉല്പ്പാദന വ്യവസ്ഥക്കായുള്ള മൂല്യശൃംഖല വികസിപ്പിക്കുന്നതിനുള്ള ഹബ്ബുകളുടെ വികസനവും ശാക്തീകരണവും | 5.00ലക്ഷം | 14 | 70.00 | 2401-00-111-97 (P) |
| 3 | പുതിയ ഹബ്ബുകളുടെ രൂപീകരണം | 7.5 ലക്ഷം | 6 | 45.00 | 2401-00-111-97 (P) |
| 4 | ‘കേരളാഗ്രോ’ റീട്ടെയിൽ ഔട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പിന്തുണ | 10.00 ലക്ഷം | 14 | 140.00 | 2401-00-111-97 (P) |

| | | | | | |
|---|---|---|---|---|---|
| 5 | കേരള അഗ്രി-നെറ്റ്, കേരള ഫാം ഫ്രഷ് മൊബൈൽ ആപ്പുകളുടെ വികസനം | | | 100.00 | 2401-00-111-97 (P) |
| 6 | കർഷകർക്കും അവരുടെ ഉൽപ്പന്നങ്ങൾക്കും ഉടനടി തുക നൽകുന്നതിനുള്ള ഡിജിറ്റൽ പണമിടപാട് സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ ിന്തുണ | 37.4ലക്ഷം | 1 | 37.40 | 2401-00-111-97 (P) |
| | **സബ് ടോട്ടൽ** | | | **500.00** | |
| V | **കൃഷി വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും - 2435-01-800-94 പ്ലാൻ- 450.00 ലക്ഷം രൂപ** | | | | |
| 1 | എഫ് പി ഒ കൾ മുഖേനയുള്ള ചെറുതും ഇടത്തരവുമായ കാർഷിക സംസ്കരണ സംരംഭങ്ങൾക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള പിന്തുണ - | | | | |
| എ | ചെടുകിട സംരംഭങ്ങൾ കുറഞ്ഞത് 10.00 ലക്ഷം രൂപ വിലമതിക്കുന്ന യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം | 1.5ലക്ഷം | 100 | 150.00 | 2435-01-800-94 (P) |
| ബി | ഇടത്തരം സംരംഭങ്ങൾ കുറഞ്ഞത് 25.00 ലക്ഷം രൂപ വിലമതിക്കുന്ന യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം | Rs. 10.00 ലക്ഷം | 15 | 150.00 | 2435-01-800-94 (P) |
| സി | ബ്ലോക്ക്തല ഡിപിആർ ക്ലിനിക്കുകൾ | Rs. 50,000 / unit at Block level | 100 | 50.00 | 2435-01-800-94 (P) |
| 2 | ഐ ഐ പി യുമായി സഹകരിച്ചുകൊണ്ട് പാക്കേജ് ഡിസൈൻ, വികസനം, ഹാൻഡ്ഹോൾഡിങ് എന്നീ വിഷയങ്ങളിൽ പരിശീലനം | | | **100.00** | **2435-01-800-94 (P)** |
| | **സബ് ടോട്ടൽ** | | | **450.00** | |
| VI | **കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ 2401-00-109-80 പ്ലാൻ -600 ലക്ഷം രൂപ** | | | | |
| 1 | **ഞങ്ങളും കൃഷിയിലേക്ക് - സാമൂഹിക മൂലധന സമാഹരണം - 2401-00-109-80 പ്ലാൻ - 600 ലക്ഷം** | | | | |
| എ | മൂല്യവർദ്ധിത കൃഷിക്കൂട്ടങ്ങൾക്കുള്ള സംരംഭക മൂലധനം | 0.5 ലക്ഷം | 1000 | 500.00 | 2401-00-109-80 (P) |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബി | സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്കുള്ള സംരംഭക മൂലധനം | 0.5 | 200 | 100.00 | 2401-00-109-80 (P) |
| | **സബ് ടോട്ടൽ** | | | 600.00 | 2401-00-109-80 (P) |

| **കൃഷിക്കൂട്ടാധിഷ്ഠിത ഫാം പ്ലാൻ വികസന സമീപനത്തിനായി വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയ തുകയുടെ വിവരം** | | | |
|---|---|---|---|
| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര്** | **ശീർഷകം** | **വകയിരുത്തിയ തുക (ലക്ഷം രൂപയിൽ)** |
| 1 | Strengthening of Agricultural Extension | 2401-00-109-80(P) | 676 |
| 2 | Farm Plan Based Production Programme | 2401-00-104-67(P) | 1200 |
| 3 | Supply chain/ value chain development and integration under FPD Programme 2023-24 | 2401-00-111-97(P) | 500 |
| 4 | Development on Agricultural Production Organizations and Technology Support | 2401-00-109-56(P) | 650 |
| 5 | Postharvest management and value addition | 2435-01-800-94(P) | 450 |
| | **ആകെ** | | **3476** |

sd/-
ANJU K S IAS
DIRECTOR

RAJESHKUMAR. S
PEN No: 712790
Joint Director of Agriculture (F.I.G)
Directorate of Agriculture Development & Farmer's Welfare Department
Vikas Bhavan, Thiruvananthapuram-695033

പകർപ്പ്:
1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ
2.എല്ലാ ആത്മ പ്രൊജക്ട് ഡയറക്ടർമാർ
3.രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല/ഡയറക്ടർ ഓഫ് എക്സ്റ്റൻൻഷൻ
4.ഡയറക്ടർ SAMETI
5.അഡീഷണൽ ഡയറക്ടർ മാർക്കറ്റിങ്
6. സ്റ്റേറ്റ് അഗ്രി എഞ്ചിനീയർ
7.പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ഫാം ഇൻഫർമേഷൻ ബ്യൂറോ
8. കൃഷി ഡെപ്യൂട്ടി ഡയറക്ടർ - IT സെൽ
9.എല്ലാ DD (E&T)
10.എല്ലാ ADA മാർക്കറ്റിങ്
11.

12.കൃഷി ഡയറക്ടറുടെ ടി. എ

13.എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാരുടെയും സി. എ

14

15.

16.പ്ലാനിങ് സെക്ഷൻ

17. SW സെക്ഷൻ